25 years

Kandanad

# Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

**Vol. 5 No. 11, 15 November 2017**

എഡിറ്റോറിയൽ

## ‘പിളർക്കില്ലവിടത്തെ സഭയാം പൂവൽമേനി’

(കേക)

‘‘മിത്രത്തെ സ്നേഹിപ്പതിൽ എന്തു വൈശിഷ്ട്യം പാർത്താൽ
നായ്ക്കളും അതു നന്നായ് ചെയ്‌വതില്ലയോ? ചൊല്ലു!
സ്നേഹിപ്പിൻ ശത്രുക്കളെ - നിങ്ങളെ പകയ്ക്കോരെ-
എങ്കിൽ മാത്രമേ തവ സ്നേഹത്തിൽ മികവുള്ളൂ.
ചുട്ടതല്ലൊരു ചെള്ളയ്ക്കേൽക്കിലും പരിഭവ-
മൊട്ടുമെന്നിയേ മറുചെകിടും കാണിക്കുവിൻ”
എന്നരുളിയ യേശുദേവന്റെ ജനമിന്ന്
വടിവാളുയർത്തുന്നു പള്ളികൾക്കുള്ളിൽപോലും!
പള്ളിമേടകളെല്ലാം ആയുധപ്പുരയാക്കി
അക്രമാഹ്വാനം ചെയ്‌വൂ പള്ളികൾ പിടിക്കുവാൻ
കൂണുപോൽ മുളയ്ക്കുന്ന നവമാധ്യമങ്ങളോ
വാർത്തകളാഘോഷിപ്പൂ വാസ്തവമറിയാതെ.
ശണ്ഠകളൊഴിവാക്കി ഒന്നിച്ചുമുന്നേറുവാൻ
മാർഗ്ഗനിർദ്ദേശം തന്ന നീതിപാലകന്മാരെ
പഴിച്ചും, പരിഹാസം ചൊരിഞ്ഞും, പടയ്ക്കായി
ജനത്തെ എരിവേറ്റി അണിചേർക്കുന്നൂ കഷ്ടം!
വിധിയായീടും വരെ കോടതി നിരങ്ങുന്നോർ
വിധിയായ് കഴിഞ്ഞാലൊ? ആയുധമെടുക്കുന്നു
വിശ്വാസകാര്യം ചൊല്ലി വിശ്വാസീ സമൂഹത്തെ
മൊത്തമായ് വഞ്ചിക്കുന്നൂ സ്വാർത്ഥനേട്ടങ്ങൾക്കായി.
സഭ രണ്ടെന്ന വാദം അംഗീകരിക്കിൽ മാത്രം
സമ്മതം സമാധാനചർച്ചയ്ക്കു മൂളാം ഞങ്ങൾ
‘യോജിച്ചു പിരിയേണം’ മിനിമം ഡിമാന്റത്രേ
‘കൊന്നു സംരക്ഷിച്ചീടാം’ കാലന്റെ വാഗ്ദാനം പോൽ

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**പിളർക്കില്ലവിടത്തെ സഭയാം പൂവൽമേനി** .......... 1

**മലങ്കര സഭാ ഭരണഘടന 2017 വിധിയുടെ കാഴ്ചപ്പാടിൽ** .......... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**സഭയിൽ പിളർപ്പ് പാടില്ല** .......... 7
ഫാ. ജോൺസൺ പുറ്റാനിൽ

**പ്രോസ്റ്റേറ്റ് ക്യാൻസർ** .......... 11
വി.പി.

**ആ സ്വപ്നഭൂമിയിലൂടെ** .......... 13
എം. സൈമൺ

**വിളക്ക്** .......... 15
ജോയി മേങ്കോട്ടിൽ

**വാർത്തകൾ, പ്രതികരണം** .......... 16


വിശ്വാസപ്രമാണവും പ്രാർത്ഥനാക്രമങ്ങളും
തക്സ, വേഷങ്ങൾ വരെ ഒന്നുതാൻ അറിയേണം
എങ്കിലും പൈശാചിക ആവസിപ്പിനാലേറ്റം
ക്രുദ്ധരായാക്രോശിപ്പൂ സഭയെ രണ്ടായ്ത്തീർക്കാൻ
തരംപോൽ പണം വാങ്ങി 'ച്ചോന്നകുപ്പായം' നല്കി
കമാണ്ടർ, ഷവലിയാർ സ്ഥാനങ്ങൾ വങ്കന്മാർക്കായ്
സാദരം സമർപ്പിച്ചും പോരിനായ് വീര്യം ചേർത്തും
തടസ്സം സൃഷ്ടിക്കുന്നൂ ഐക്യത്തിൻ മാർഗ്ഗം തോറും.
അജ്ഞത, അറുംകൊല, അല്പത്ത, മടിമത്തം
വഞ്ചന, മദ്യാസക്തി എന്നിവയെല്ലാം ചേർത്ത്
സഭ നിർമ്മിച്ചാൽ ഫലം അറിയാം വരും നാളിൽ
പൊളിയും മനക്കോട്ട ഉടയോൻ സഹിക്കില്ല.
എന്തിനീ തമ്മിൽ തല്ല്? എന്തിനീ കയ്യേറ്റങ്ങൾ?
നല്ല കല്യാണം വന്നാൽ ചാടി വീഴില്ലേ നിങ്ങൾ?
വാശിയും വൈരാഗ്യവും അവിടെ സുല്ലാകില്ലേ?
കക്ഷി നോക്കുമൊ നിങ്ങൾ? സത്യമായ് പറയാമൊ?
അത്രയാഴമേയുള്ളൂ നിങ്ങൾതൻ വിശ്വാസത്തി-
ന്നത്ര സ്നേഹമേയുള്ളൂ നിങ്ങൾക്കു സഭയോടും
പിന്നെയെന്തിനായ് നിങ്ങൾ ജനത്തെ കളിപ്പിച്ചും
ശൗര്യമേറ്റിയും കൊടും രാക്ഷസ്സരായ് മാറ്റുന്നു?
മറക്കാൻ, പൊറുക്കുവാൻ, നിരപ്പാകുവാൻ വേണ്ട
മനസ്സാണറിയുക സഭതൻ മുഖമുദ്ര.
ക്രിസ്തുസാക്ഷ്യത്തിന്നായി ലോകരെ സ്നേഹത്തിന്റെ
നെയ്ത്തിരി തെളിയിക്കാൻ ഉത്സുകരാക്കിത്തീർക്കാൻ
കടലും കാടും കടന്നതി സാഹസീകമായ്
തോമസപ്പോസ്തോലനും അന്ത്യോഖ്യൻ പിതാക്കളും
പ്രാണനെപ്പണയം വച്ചാശയോടിവിടെത്തി
സ്നേഹസംവാദം വഴി സത്യമാം സുവിശേഷ-
ഘോഷണം ചെയ്തതെന്തേ? സ്വത്തിനോ, പദവിയ്ക്കോ?
അല്ലല്ല, ഗുരുവിന്റെ അന്ത്യസന്ദേശം ഗ്രഹി
ച്ചാ ദൗത്യം നിറവേറ്റാൻ മാത്രമാണറിഞ്ഞാലും!
സ്ഥാനമാനങ്ങൾക്കായി പടവെട്ടല്ലേ നിങ്ങൾ.
പിന്നെയെന്തിനീ ശണ്ഠ? അവരെപ്പഴിചാരി
സ്വന്തമാം പിടിവാശി തീർക്കുവാനല്ലേ? ചൊല്ലൂ
സ്വച്ഛമായ് കഴിയാം നാം തർക്കങ്ങളുപേക്ഷിച്ചി-
ട്ടൊത്തുചേർന്നിടാം ദൈവമഹത്വം ഘോഷിക്കുവാൻ.
കുരിശിൽ പിടയുന്ന നേരത്തും ക്രൂശിച്ചോർക്കായ്
പാപമോചനമേകാൻ താതനോടപേക്ഷിച്ച
നസ്രായ നാമം പേറും ജനമല്ലയോ നമ്മൾ
കലഹിക്കുവാൻ നമുക്കാരുതന്നനുവാദം?
വരുവിൻ നാമെല്ലാരും ഏകമാം സഭ തന്റെ
പൊന്നുമക്കളാണോർക്കൂ, മടിയാതൊരുമിക്കൂ!
ശപഥം ചെയ്യാം നമുക്കുറപ്പായ്, "നാഥാ, ഞങ്ങൾ
പിളർക്കില്ലവിടത്തെ സഭയാം പൂവൽമേനി"

**മെത്രാപ്പോലീത്തായുടെ കത്ത്**

# മലങ്കര സഭാ ഭരണഘടന 2017 വിധിയുടെ കാഴ്ചപ്പാടിൽ

**2017** ജൂലായ് 3-ാം തീയതിയിലെ സുപ്രീം കോടതി വിധിയിൽ ജഡ്ജിമാർ 1934 ലെ സഭാ ഭരണഘടനശരിയായി പഠിച്ചശേഷം അതു സംബന്ധിച്ച് ചില കൃത്യമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. അവ വിശകലനം ചെയ്യുന്നത് സഭയുടെ ഭരണഘടനവേണ്ടവിധം മനസ്സിലാക്കുന്നതിന് ഏറെ സഹായകമാണ്. അതുകൊണ്ട് ആ വിധിയുടെ കാഴ്ചപ്പാടിൽ ഭരണഘടനയെ വിലയിരുത്തുവാനാണ് ഈ കത്തിൽ ശ്രമിക്കുന്നത്. പ്രത്യേകിച്ച് ഭരണഘടന നൽകുന്ന സ്വാതന്ത്ര്യങ്ങൾ നിഷേധിക്കുകയും ഭരണഘടനയ്ക്ക് അതീതമായ അധികാരങ്ങൾ പ്രയോഗിക്കുവാൻ വ്യഗ്രത കാണിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ ഈയൊരു വിലയിരുത്തലിന് പ്രത്യേക പ്രസക്തിയുണ്ട് എന്നാണ് എന്റെ ചിന്ത.

1934-ലെ ഭരണഘടനസാധുവായ മലങ്കര അസോസിയേഷൻ പാസാക്കിയതും 1958-ലെയും 1995-ലെയും 2017-ലെയും സുപ്രീം കോടതി വിധികൾ ശരിവച്ചതുമാണ്. അതുകൊണ്ട് അതിന്റെ നിയമസാധുത അംഗീകരിക്കപ്പെട്ടതും 1958-75 കാലഘട്ടത്തിൽ യോജിച്ച സഭയിൽ അത് പ്രാബല്യത്തിൽ ഇരുന്നതുമാണ്. അതിനാൽ 2017 ലെ വിധിന്യായത്തിൽ അതിന്റെ സാധുതയും പ്രാധാന്യവും ഊന്നിക്കൊണ്ട് കോടതി ഇപ്രകാരം പ്രസ്താവിക്കുന്നു. 'The applicability of 1934 constitution is final, conclusive and binding to the Church.' (P.65). വ്യവസ്ഥാപിതമായ രീതിയിൽ ഇതിൽ മാറ്റം വരുത്താത്തിടത്തോളം കാലം സഭാഭരണം നടക്കേണ്ടത് ഇതിൻപ്രകാരം ആയിരിക്കണം. ഇതു സഭയുടെ ചുമതലക്കാർക്കും സമിതികൾക്കും ഭദ്രാസനങ്ങൾക്കും ഇടവകകൾക്കും ബാധകമാണ് എന്നതാണ് കോടതി സ്ഥിരീകരിച്ചിരിക്കുന്നത്. ഇതോടെ ഭരണഘടനഇടവകകൾക്ക് ബാധകമല്ല, ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 25, 26 വകുപ്പുകൾ പ്രകാരമുള്ള അടിസ്ഥാനവിശ്വാസ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നു, നിയമാനുസൃതം രജിസ്റ്റർ ചെയ്യപ്പെടാത്തതിനാൽ ഇതിന് സാധുതയില്ല, പള്ളികളിൽ നിലവിലിരിക്കുന്ന ഉടമ്പടികൾ അവിടെ തുടർന്നും പ്രാബല്യത്തിലിരിക്കും, പരി. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മലങ്കരയിലെ ഇടപെടലുകൾ ഭരണഘടനവഴി നിയന്ത്രിക്കാനാവില്ല എന്നെല്ലാമുള്ള തടസ്സവാദങ്ങൾ തള്ളിക്കൊണ്ടാണ് ബ: സുപ്രീം കോടതി '34-ലെ സഭാഭരണഘടനയുടെ സാധുതയും നിർബന്ധിത സ്വഭാവവും അംഗീകരിച്ചിരിക്കുന്നത്. അങ്ങനെസഭയിൽ ഉയർന്നുവന്ന സകല തർക്കങ്ങൾക്കും യഥാർത്ഥത്തിൽ നിയമപരമായ പരിഹാരമായിരിക്കുകയാണ്. അതുകൊണ്ട് ഇനി ഭരണഘടനയുടെ സാധുതയെപറ്റിയും ആധികാരികത സംബന്ധിച്ചും തർക്കം അനാവശ്യമാണ്.

എന്താണ് ഈ ഭരണഘടനയുടെ സ്വഭാവവും സവിശേഷതയും? 1934 ലെ സഭാ ഭരണഘടന അടിസ്ഥാനപരമായി ഒരു ഭരണക്രമീകരണ രേഖ (manual of administration) യാണ് എന്നു പറയാം. അതായത് മലങ്കരസഭ എപ്രകാരം ഭരിക്കപ്പെടണം എന്നു കാണിക്കുന്ന പ്രാമാണിക കൈപ്പുസ്തകം. സഭയുടെ ഭരണക്രമീകരണമാണ് അതിന്റെ ഉള്ളടക്കം. സഭാസ്ഥാനങ്ങൾ, അവ തമ്മിലുള്ള ബന്ധം, സഭാ സമിതികൾ, സ്ഥാനികൾ എന്നിവരുടെ ചുമതലകൾ അധികാരങ്ങൾ, അവ എങ്ങനെ നിർവ്വഹിക്കപ്പെടണം, അവയുടെ പരിധികൾ എന്നിവയെല്ലാം അതിൽ വ്യക്തമാക്കുന്നു. സഭയുടെ ശരിയായ പേര്, ഘടന എന്നിവ സംബന്ധിച്ച പ്രഖ്യാപനങ്ങൾ ഭരണഘടനയുടെ പ്രാരംഭ ഭാഗത്തു തന്നെ നൽകിയിരിക്കുന്നു. സഭയുടെ ചില വിശ്വാസാനുഷ്ഠാനങ്ങളെക്കുറിച്ച് അവിടെ പരാമർശിക്കുന്നുണ്ടെങ്കിലും സഭയുടെ വിശ്വാസ സംഹിതകളെപ്പറ്റി വിശദമായ അവതരണം അതിലില്ല. സഭയുടെ വേദശാസ്ത്ര നിലപാട്, അതിന്റെ സഭാശാസ്ത്രം എന്നിവ അതിൽ പ്രതിഫലിക്കുന്നുമില്ല. മറ്റു പല സഭകളുടെ ഭരണഘടനകളിൽ ഈ കാര്യങ്ങൾ കാണുന്നു. അവ അംഗീകരിക്കുന്നവർക്കായി സഭാംഗത്വം പരിമിതപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ഇത് സഭയുടെ അടിസ്ഥാന ഭരണക്രമീകരണ രേഖയായതിനാൽ വ്യക്തിയുടെ അഭിപ്രായ-ചിന്ത-വിശ്വാസ-സ്വാതന്ത്ര്യങ്ങൾ ഒന്നും നിഷേധിക്കുന്നില്ല എന്നാണ് കോടതി കണ്ടെത്തിയിരിക്കുന്നത്. ഭരണഘടനപ്രകാരമുള്ള സംവിധാനത്തിനും പ്രവർത്തനത്തിനും തടസ്സം സൃഷ്ടിക്കരുത്, ലംഘനം ഉണ്ടാകരുത് എന്നുമാത്രം. പരി. അന്ത്യോഖ്യാ പാത്രിയർക്കീസിന് ആത്മീകാധികാരം കൂടുതലുണ്ട് എന്നു വിശ്വസിക്കുന്നതിൽ

നിന്ന് ആരെയും സഭാ ഭരണഘടന വിലക്കുന്നില്ല. പക്ഷെ, അതിന്റെ പേരിൽ സഭയ്ക്കുള്ളിൽ പ്രശ്നമുണ്ടാക്കുകയൊ, സമാന്തര സംവിധാനം സൃഷ്ടിക്കുകയൊ, ഭരണക്രമീകരണങ്ങൾക്ക് തടസ്സമുണ്ടാക്കുകയൊ പാടില്ല. സഭ ആഗോളികമെന്നും, ദേശീയമെന്നുമെല്ലാം സഭാനേതാക്കന്മാർ വ്യവസ്ഥയും സ്ഥിരത (consistency) യും ഇല്ലാതെയും സഭയുടെ വേദശാസ്ത്രം മനസ്സിലാക്കാതെയും തരവും സൗകര്യവും പോലെ പറയാറുണ്ട്. അതും ആകാം. അതായത് സഭയുടെ വേദശാസ്ത്രം, സഭാ വിജ്ഞാനീയം എന്നിവ ഭരണഘടനയിൽ നിർവ്വചിക്കപ്പെടുന്നില്ല. അതുകൊണ്ട് ഒരു പരിധിവരെ ഏത് അഭിപ്രായക്കാരെയും ഉൾക്കൊള്ളുവാനുള്ള സാധ്യത നൽകുന്ന ഭരണഘടനയാണിത്. ഇതിനുള്ളിൽ സഭയുടെ ഘടന, സംവിധാനം, ഭരണം എന്നിവ മാത്രമാണ് പ്രതിപാദിക്കുന്നത്. അക്കാര്യങ്ങളിൽ തടസ്സമൊ, ലംഘനമൊ ഉണ്ടാകരുതെന്നുമാത്രം. ഈ ഭരണഘടന മൗലികമായി സഭാസംവിധാനത്തിന്റെ നടപടിച്ചട്ടമായിട്ടു കോടതി കാണുന്നതുകൊണ്ട് ഈ സഭയിലെ അംഗങ്ങൾക്ക് ഈ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടുള്ള ചിന്താ-വിശ്വാസ-അഭിപ്രായ സ്വാതന്ത്ര്യങ്ങൾക്ക് ഭരണകൂടം അനുവദിക്കുന്നു. എന്നാൽ സഭയുടെ സുഗമമായ പ്രവർത്തനത്തിൽ പ്രശ്നം സൃഷ്ടിക്കുവാൻ പാടില്ല.

ഇക്കാര്യം വളരെ പ്രധാനമാണ്. സഭ വ്യാപിക്കുകയും അതിന് കാല-ദേശ-രൂപ പരിണാമങ്ങൾ ഉണ്ടാവുകയും ചെയ്തുകൊണ്ടിരിക്കെ ഈ സ്വാതന്ത്ര്യങ്ങൾ ഉപയോഗപ്പെടുത്തി അതിന് കാലികമാകുവാനും വെല്ലുവിളികൾ നേരിടുവാനും, പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും, ആവശ്യങ്ങൾ നേടുവാനും, വൈവിധ്യങ്ങൾ ഉൾക്കൊള്ളുവാനും സാധിക്കും. സഭയുടെ പരിണാമ പ്രക്രിയയ്ക്ക് ഈ സവിശേഷത ഏറെ സഹായകമാണ്. സാഹചര്യ-അനുഭവ അടിസ്ഥാനത്തിലുള്ള പരിണാമ സാധ്യത സഭയ്ക്ക് കൈവരുന്നില്ലെങ്കിൽ അതിന്റെ ഭാവി മുരടിക്കും. പ്രസക്തി നഷ്ടപ്പെടും. സഭാഭരണഘടന നൽകുന്ന ചിന്താ-വിശ്വാസ സ്വാതന്ത്ര്യം സഭൈക്യത്തിനുംഏറെ സഹായമാകും. അതുപോലെ തന്നെ സഭാസ്ഥാനികളും സമിതികളും ഭരണഘടനാധിഷ്ഠിതമായ ചുമതലകൾ, പ്രവർത്തനപരിധികൾ എന്നിവ തിരിച്ചറിഞ്ഞ് കൃത്യനിർവ്വഹണം നടത്തുമ്പോൾ ഭരണം കൂടുതൽ നീതിപൂർവ്വകവും സന്തുലിതവുമാകുമെന്ന് പ്രതീക്ഷിക്കാം. അതായത് സഭാസംവിധാനത്തിന്റെ പ്രവർത്തനം ഭരണഘടനയുടെ നിർദ്ദേശ-നിയമങ്ങൾക്ക് ഉള്ളിലാക്കുകയാണ് ആവശ്യം എന്ന കോടതിയുടെ കാഴ്ചപ്പാട് സഭ ഗൗരവമായി എടുക്കേണ്ടതാണ്. അതുപോലെ തന്നെ സഭാസ്വത്തുക്കൾ ട്രസ്റ്റ് വസ്തുവാകയാൽ അതിന് സ്വയമായ അസ്തിത്വം ഉണ്ട്. അത് ആരുടെയും ഉടമസ്ഥതയിൽ ഉള്ളതല്ല. സഭാചുമതലക്കാർ അതിന്റെ കാര്യവിചാരകർ മാത്രമാണ്.

വേറൊരുകാര്യം 1934 ഭരണഘടന വിഭാവനം ചെയ്യുന്നത് ഒരു വികേന്ദ്രീകൃത ഭരണ സമ്പ്രദായമാണ്. സഭാസംവിധാനത്തിന് പല തട്ടുകളും തലങ്ങളുമുണ്ടല്ലോ. അവയ്ക്കായി സഭാധികാരവും ചുമതലകളും വിഭജിക്കപ്പെടുകയാണ്. ഭരണഘടനഓരോ വ്യക്തിക്കും സമിതിക്കും നൽകിയിരിക്കുന്ന സ്വാതന്ത്ര്യപ്രകാരം അധികാര-അവകാശങ്ങളിൽ ബാഹ്യ ഇടപെടലുകൾ ഇല്ലാതെ നിർവിഘ്നമായി നടക്കണം. കോടതി അതു ചൂണ്ടിക്കാണിക്കുന്നു. 'The functioning of the Church is based upon division of responsibilities at various levels. It cannot be usurped by a single individual who-so-ever and however high he may be.' (P. 269) വീണ്ടും പറയുന്നു, 'Spiritual power cannot be the monopoly of any particular individual how so ever high he may be.' (P. 185 § 123) സഭാഘടനയിൽ എത്ര ഉന്നതസ്ഥാനിയാണെങ്കിലും പ്രവർത്തനനിർദ്ദേശങ്ങളും പ്രവർത്തനപരിധിയും മനസ്സിലാക്കി സ്വന്തം മേഖലയിൽ മാത്രം കൃത്യനിർവ്വഹണം നടത്തിയാൽ മതിയെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. (Q XIV) ഭരണശ്രേണിയിൽ ഏവർക്കും നിയന്ത്രിതവും, നിർദ്ദിഷ്ടവും മേഖലാപരിധികൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ളതുമായ പ്രവർത്തനാനുമതിയാണുള്ളത്. ഇവിടെ മൂന്നുകാര്യങ്ങൾ നിഷ്ക്കർഷിക്കുന്നു.

1) ഭരണഘടന നൽകുന്ന ചുമതല മാത്രമേ ഓരോ സ്ഥാനിയും നിർവ്വഹിക്കാവൂ. 2) ഭരണഘടന നിർദ്ദേശിക്കുന്ന മേഖലയിലേ പ്രവർത്തിക്കാവൂ. 3) അനുശാസിക്കുന്ന രീതിയിലേ കൃത്യനിർവഹണം നടത്താവൂ. ചുരുക്കത്തിൽ സഭാസ്ഥാനികളുടെയും സമിതികളുടെയും തീരുമാനങ്ങളും പ്രവർത്തനങ്ങളും നിർദ്ദിഷ്ട ഉപാധികൾ പാലിച്ചായിരിക്കണം. അല്ലാതുള്ള നടപടികൾ അപകടകരമാണ്. ഭരണഘടനയെ അത് നിർവ്വീര്യമാക്കുകയും തന്മൂലം സഭയിൽ അന്ത:ഛിദ്രങ്ങളുണ്ടാകുമെന്നുമാണ് കോടതിയുടെ നിരീക്ഷണം.

ഭരണഘടനയിൽ നിർദ്ദേശമുണ്ടെങ്കിലും അത് നടക്കാതിരിക്കുന്ന സാഹചര്യമുണ്ടെങ്കിൽ ആ ഭരണ നിർദ്ദേശത്തിന് സാധുതയില്ല എന്ന നിരീക്ഷണവും കോടതി നടത്തുന്നുണ്ട്. മലങ്കര സഭയുടെ സഹകരണത്തോടെ കാനോനികമായി വാഴിക്കപ്പെടുന്ന പാത്രിയർക്കീസി

നെമാത്രമേ മലങ്കര സഭ അംഗീക രിക്കൂ എന്ന് '34 ഭരണഘടനാ വ്യവ സ്ഥകളിലുണ്ട്. എന്നാൽ കോടതി മറ്റൊന്നാണ് അഭിപ്രായപ്പെടുന്നത്. 'We are of opinion that the absence of any dispute as to the identity who the patriarch is, there is no question of not regarding the patriarch by Malankara Orthodox Church' (P 209 § 191).

1912-ൽ പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ പുനഃസ്ഥാപിക്കപ്പെട്ടശേഷം ഒരു പാത്രിയർക്കീസും പൗരസ്ത്യകാതോലിക്കയുടെ സാന്നിദ്ധ്യത്തിലൊ സഹകരണത്തിലൊ വാഴിക്കപ്പെട്ടിട്ടില്ല. എന്നാൽ എല്ലാ പാർക്കിയർക്കീസ്മാരെയും മലങ്കര ബന്ധത്തിൽ കോടതി അംഗീകരിച്ചു. മലങ്കര സഭയും അവരെ അംഗീകരിച്ചിട്ടുണ്ട്. അതുപോലെ ഒന്നാം കാതോലിക്കായ്ക്കു ശേഷം ഔഗേൻ ബാവയല്ലാതെ മറ്റൊരു പൗരസ്ത്യ കാതോലിക്കയും പാത്രിയർക്കീസ് ബാവയുടെ മുഖ്യകാർമ്മികത്വത്തിൽ വാഴിക്കപ്പെട്ടിട്ടില്ല. ആ സാഹചര്യത്തിൽ ഈ രണ്ടു സ്ഥാനികളും കാനോനികമായി വാഴിക്കപ്പെടണമെന്നല്ലാതെ അവരുടെ അന്യോന്യ ബന്ധത്തിന് വാഴ്ചയിൽ പരസ്പര സഹകരണം ഉപാധി അല്ലാതായിത്തീർന്നു എന്നതാണ് കോടതിയുടെ നിഗമനം. കാതോലിക്ക-പാത്രിയർക്കീസ് സ്ഥാനികളെ സംബന്ധിച്ച് തർക്കം കോടതിയിൽ ഉന്നയിക്കപ്പെടാത്ത സാഹചര്യത്തിൽ അവരുടെ വാഴ്ചകളിൽ സഹകരണമൊ ഔപചാരിക അംഗീകാരമോ ആവശ്യമില്ല എന്നാണ് ഇതു നൽകുന്ന സൂചന. അതായത് ഭരണഘടനയിൽ ഉണ്ട് എങ്കിലും പ്രാവർത്തികമാകാത്ത നിയമം കാലഹരണപ്പെടുമെന്നാണ് ഇതിൽ നിന്ന് എത്തിച്ചേരാവുന്ന നിഗമനം.

അതുപോലെതന്നെ സഭാസ്ഥാനികളുടെ പരസ്പരബന്ധത്തെപ്പറ്റിയും വളരെ ക്രിസ്തീയമായ കാഴ്ചപ്പാടാണ് കോടതി പുലർത്തിക്കാണുന്നത്. അവർ മേൽസ്ഥാനി-കീഴ്സ്ഥാനി പരിപ്രേക്ഷ്യത്തിൽ പരിഗണിക്കപ്പെടരുതെന്നാണ് കോടതിയുടെ പക്ഷം. സഭയിലെ ഓരോസ്ഥാനിയും ശരീരത്തിലെ ഓരോ അവയവം പോലെയാണ്. അവയുടെ ബന്ധം ജൈവ (organic) വും പ്രവർത്തനപര (functional) വുമാണ്. അവയവങ്ങൾ തമ്മിൽ പ്രാധാന്യത്തിലും ധർമ്മത്തിലും ഏറ്റക്കുറച്ചിലുണ്ടെങ്കിലും എല്ലാ അവയവങ്ങളുടെയും പരസ്പര സഹകരണം ശരീരത്തിന്റെ പൂർണ്ണത നിലനിൽക്കുന്നതിനും അത് സുഗമമായി പ്രവർത്തിക്കുന്നതിനും ആവശ്യമാണ്. അവയവം ഏതായിരുന്നാലും അതിന് മറ്റൊന്നിന്റെ ധർമ്മം നിർവ്വഹിക്കാൻ കഴിയില്ല. മറ്റുള്ളവയുടെ സഹകരണം ഇല്ലാതെ അതിന് പ്രവർത്തിക്കാനും ആവില്ല. അതുകൊണ്ട് ജോലിയുടെ പ്രാധാന്യം പരിഗണിക്കാതെ ജൈവബന്ധത്തിൽ അവയ്ക്ക് തുല്യത കല്പിക്കേണ്ടതാണ്. അതുപോലെ സഭാരംഗത്തു പ്രവർത്തിക്കുന്നവർ അവരെത്തന്നെ അധീശരും വിധേയരുമായി തരംതിരിക്കരുത്. "നിങ്ങൾ സഹോദരങ്ങളാണ്" എന്നാണല്ലോ ക്രിസ്തു കല്പിക്കുന്നത്. കോടതിയുടെ നിരീക്ഷണവും സമാനമാണ്. കോടതി പറയുന്നു, "Everybody acts in the frame-work of the constitution. The division of powers under 1934 constitution is for the purpose of effective management of the church" (P 269 § XVI) സ്ഥാനബന്ധങ്ങൾ അധീശ-വിധേയ മനോഭാവത്തോടെ ആകാതിരിക്കുകയാണ് വേണ്ടത്. സഭാശുശ്രൂഷയിൽ പ്രത്യേകിച്ചും, ഉത്തരവാദിത്തങ്ങളുടെ പങ്കിടൽ (sharing) ആണ് വേണ്ടത്. ഓരോ സ്ഥാനിയും മറ്റുള്ളവരുടെ സ്ഥാനം മഹത്തും പവിത്രവുമായി കാണണം. ലക്ഷ്യം സഭയുടെ സുഗമമായ നടത്തിപ്പിലൂടെയുള്ള സാക്ഷ്യനിർവ്വഹണം ആയിരിക്കണം. ഇത് സഭാസ്ഥാനികൾക്കും വിശ്വാസികൾക്കും മനസ്സിലാകില്ല. കോടതിക്കു മനസ്സിലാകും.

നേതാക്കന്മാരുടെ തലക്കനം, സ്വേച്ഛാധിപത്യ മനോഭാവം, അധികാര തൃഷ്ണ, തൻപോരിമ എന്നിവയെല്ലാം നിയന്ത്രിക്കണമെങ്കിൽ സാമാന്യജനം ഇക്കാര്യങ്ങൾ മനസ്സിലാക്കി, ധൈര്യപൂർവ്വം മുഖം നോക്കാതെ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. സഭയിലെ സ്ഥാനികൾ പരസ്പരം ആദരിക്കുവാനും വിനയപ്പെടുവാനും സാഹചര്യം സൃഷ്ടിക്കണം. കാര്യങ്ങൾ നിയമപരമായി ശരിയായതുകൊണ്ടുമാത്രമായില്ല. ബന്ധങ്ങളിൽ പരസ്പര ബഹുമാനവും സ്നേഹവും പ്രകടമാക്കണം. ഓർത്തഡോക്സ് സഭയുടെ നടപടികൾ നിയമപരമായി ശരിതന്നെയാണ്. എന്നിരുന്നാലും ചില നിലപാടുകളും മനോഭാവവും സഭാപ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമായില്ല. അവർക്ക് അനുകൂലമായ വിധി നൽകിയ ന്യായാധിപന്മാർതന്നെ അവർ പാത്രയർക്കീസിനോട് അർഹമായ ആദരവുകാണിച്ചില്ല എന്ന് അഭിപ്രായപ്പെട്ട കാര്യം ശ്രദ്ധിക്കണം (P206 § 138). സഭയിൽ ഐക്യം സൃഷ്ടിക്കുന്നതിന് ബന്ധങ്ങളിൽ എല്ലാവരും ആദരവും ആർജ്ജവവും പ്രകടമാക്കണം. നിയമങ്ങൾ പാലിക്കപ്പെടണം. യാക്കോബായക്കാർ ആകട്ടെ ഒരിക്കലും നിയമത്തോടും കോടതിവിധിയോടും നിയമവാഴ്ചയോടും ആദരവ് കാണിച്ചിട്ടില്ല. അതുകൊണ്ട് ന്യായാധിപന്മാർ അവരെ നിശിതമായി വിമർശിക്കുന്നു.

നിയമം കൂടാതെ ആദരവു കൊണ്ട് നല്ല ബന്ധം നിലനിർത്തുക അസാധ്യമെന്നു പറയാം. എന്നാൽ നിയമം ആദരിക്കപ്പെടണമെങ്കിൽ പരസ്പരം ആദരവും സ് നേഹവും കരുതലും നയതന്ത്രവുമെല്ലാം ആവശ്യവുമാണ്. ഇവയില്ലാതെ പോയതാണ് മലങ്കര സഭ യ്ക്ക് സംഭവിച്ച ദുഃസ്ഥിതിക്കു കാരണം. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലങ്കര മെത്രാപ്പോലീത്തായും വൈദീക-ആത്മായ ട്രസ്റ്റികളും തമ്മിൽ രസക്കുറവിലായിരുന്നു. അവരുടെ പരസ്പര സ്പർദ്ധ തത്വാധിഷ്ഠിതമായിരുന്നില്ല. അധികാര-അംഗീകാരപ്രശ്നമായിരുന്നു. ഈ മാനസിക ധ്രുവീകരണം അവർ തമ്മിലുള്ള ആദരവു നഷ്ടപ്പെടുത്തി. അതുകൊണ്ട് വൈദീക-ആത്മായ ട്രസ്റ്റിമാർ പാത്രിയർക്കീസിന്റെ അനുഭാവം പിടിച്ചുപറ്റി നിയമവിരുദ്ധമായി അദ്ദേഹത്തെക്കൊണ്ട് പ്രവർത്തിപ്പിച്ചു. നിയമപരമായി മലങ്കര മെത്രാപ്പോലീത്തായുടെ പക്ഷത്തായിരുന്നു ശരി. എന്നാൽ സ്ഥാനികൾ തമ്മിലുള്ള ആദരവ് നഷ്ടപ്പെട്ട സാഹചര്യത്തിൽ വിരുദ്ധനീക്കം സഭയെ രണ്ടായി പിളർത്തി. എത്ര കനത്ത നാശവും നഷ്ടവുമാണ് ഈ ഭിന്നത പിൽക്കാലത്ത് സഭയ്ക്ക് വരുത്തിക്കൂട്ടിയത്! 1970-ൽ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ അയച്ച 203-ാം നമ്പർ കല്പന നടപടിവിരുദ്ധമായിരുന്നു. അതേസമയം മലങ്കര സഭാ നേതൃത്വത്തിന്റെ നിലപാട് നിയമപരമായി ശരിയായിരുന്നു. എന്നാൽ 1958-ൽ യോജിച്ച നമ്മുടെ സഭയിൽ പിളർപ്പ് ഒഴിവാക്കാനായി പാത്രിയർക്കീസിനെ നേരിൽകണ്ട് ആ കല്പന നിർവ്വീര്യമാക്കുവാനും തർക്കങ്ങൾ രമ്യമായി പരിഹരിക്കാനുമുള്ള വിവേകവും നയചാതുരിയും കാണിച്ചിരുന്നെങ്കിൽ ഒരുപക്ഷേ സഭയുടെ അവിടം മുതലുള്ള ചരിത്രം ഇന്നത്തേതാകുമായിരുന്നില്ല. 1995 ലെ സുപ്രീം കോടതി വിധിക്കു ശേഷം ചർച്ചകളിൽ ഉയർന്ന അപക്വവും വിലകുറഞ്ഞതുമായ പരാമർശങ്ങൾ ചർച്ചകൾ തകരുവാനുള്ള ഒരു കാരണമായിരുന്നു. പരസ്പരാദരവുകൂടാതെയുള്ള സമീപനങ്ങൾ ഹൃദയങ്ങളെ അകറ്റും. നിയമ നിർവ്വഹണം തടസ്സപ്പെടുത്തും. നിയമങ്ങൾ ആവശ്യമാണ്. എന്നാൽ അവ അനുസരിക്കുന്നതിൽ പരസ്പര ആദരവിന്റെ പ്രാധാന്യം കുറച്ചുകാണാനാവില്ല.

2017 ലെ വിധിക്കുശേഷം സഖറിയാ മാർ നിക്കോളാവോസ് തിരുമേനിയും ഞാനും ചേർന്ന് അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയെ കണ്ടത് പരി. പാത്രിയർക്കീസുമായുള്ള നയപരമായ ബന്ധം തകരും എന്നു മനസ്സിലാക്കിയ ഘട്ടത്തിലാണ്. അദ്ദേഹത്തിന് സഭാസമാധാനപ്രക്രിയയിൽ ഉള്ളപങ്ക് നിർണ്ണായകമാണ്. അത് അവഗണിക്കാനാവില്ല. നയതന്ത്രബന്ധവും പരസ്പരാദരവും നിലനിർത്തി സഭയെ ഭരണഘടനയുടെ അടിസ്ഥാനത്തിൽ ഐക്യത്തിലേയ്ക്കു നയിക്കുവാനായി സഭയെ സ്നേഹിക്കുന്ന രണ്ടു സഭാദ്ധ്യക്ഷന്മാരുടെ കടമ നിർവ്വഹിക്കുവാനുള്ള മനഃസാക്ഷിയുടെ ഉൾവിളിയാണ് ഈ കൂടിക്കാഴ്ചക്ക് ഞങ്ങളെ പ്രേരിപ്പിച്ചത്. അതല്ലാതെ കോടതി വിധി അപകടപ്പെടുത്തി മലങ്കരസഭയെ തീറെഴുതിക്കൊടുക്കാനുള്ള അധികാരമൊ, അവകാശമൊ ഞങ്ങൾക്കില്ലല്ലോ. ഭരണഘടന നിർവീര്യമാക്കാനും ആർക്കും സാധിക്കുകയില്ല. അതോടൊപ്പം സഭൈക്യം യാഥാർത്ഥ്യമാകണം എന്നാണ് എല്ലാ നല്ല മനുഷ്യരുടെയും ആഗ്രഹം. അതു സഫലമാകണമെങ്കിൽ പരസ്പരാദരവും മാനസിക വിശാലതയും നിയമ നിർവ്വഹണത്തിന് ആവശ്യമാണ്. നിയമം നിറവേറ്റിക്കിട്ടണമെന്ന് നാം ആഗ്രഹിക്കുന്നുവെങ്കിൽ അതിനുള്ള വഴിയൊരുക്കുവാൻ നമുക്കു കഴിയണം. നിയമം നടപ്പിലാക്കുന്നതിന് നാം അവലംബിക്കുന്ന രീതി നിയമപരം മാത്രമല്ല എന്ന് കോടതി നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. സ്നാപകയോഹന്നാന്റെ മുമ്പിൽ തലകുനിച്ചുനിന്ന് മാമോദീസാ സ്വീകരിച്ച യേശുക്രിസ്തുവാണ് നമ്മുടെ മാതൃക എന്നു നാം എന്നാണ് ഗ്രഹിക്കുക! കോടതിയുടെ നിരീക്ഷണമെങ്കിലും നമുക്ക് ഒരു പുനർവിചിന്തനത്തിന് നിമിത്തമായെങ്കിൽ എന്ന് ആശിക്കുന്നു. ന്യായാധിപന്മാരുടെ ഉപദേശം ശ്രദ്ധിക്കുക: 'സഭയിൽ ഈ കലഹം അവസാനിപ്പിച്ച് ക്രിസ്തുവിന്റെ കൃപകൾ വിശ്വാസികളിൽ വർഷിക്കപ്പെടുവാൻ ഇടവരുത്തിയാലേ സഭയ്ക്ക് നിലനിൽപ്പുള്ളൂ. സഭയിൽ സമാധാനം ഉണ്ടായാൽ അതിനുള്ള സാധ്യതയാണ് സൃഷ്ടിക്കപ്പെടുക. അസ്വസ്ഥതയും ഈ ദുരന്തസാഹചര്യവും നിയമപരമായി ന്യായീകരിക്കാമെങ്കിലും അഭിലഷണീയമല്ല' (P. 191 § 12). *(തുടരും)*

സസ്നേഹം

നിങ്ങളുടെ

അത്തനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക് - 100 രൂ.

ആയുഷ്ക്കാലം - 1000 രൂ.

വിദേശത്ത് - 6000 രൂ. (100 ഡോളർ)

**വേദപഠനം**

# സഭയിൽ പിളർപ്പ് പാടില്ല

**ഫാ. ജോൺസൺ പുറ്റാനിൽ**

*"സഹോദരങ്ങളെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിങ്ങളോടഭ്യർത്ഥിക്കുന്ന തെന്തെന്നാൽ നിങ്ങളുടെ ഭിന്നതകൾ പരിഹരിച്ച് പരസ്പരം തുന്നിച്ചേർക്കപ്പെട്ടവരായി ഏക സംസാരവും ഏക മനസ്സും ഏക അഭിപ്രായമുള്ളവരാകുവിൻ. എന്റെ സഹോദരങ്ങളെ, നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടെന്ന് ക്ലോവ യുടെ ആളുകളാൽ എനിക്ക് അറിവ് കിട്ടിയിരിക്കുന്നു. നിങ്ങളിൽ ഒരുവൻ: ഞാൻ പൗലോസിന്റെ പക്ഷക്കാരൻ, ഞാൻ അപ്പല്ലോസിന്റെ പക്ഷക്കാരൻ, ഞാൻ കേഫാവിന്റെ പക്ഷക്കാരൻ, ഞാൻ ക്രിസ്തുവിന്റെ പക്ഷക്കാരൻ എന്നി ങ്ങനെ പറയുന്നുപോൽ." ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ? പൗലോസ് നിങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടുവോ? അല്ല. പൗലോസിന്റെ പേരിൽ നിങ്ങൾ സ്നാനം ഏറ്റുവോ?"* 1 കൊരിന്ത്യർ 1:10–13

*"നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ, നിങ്ങൾ സാധാരണ മനുഷ്യരും ലൗകീകരുമല്ലയോ... അപ്പല്ലോസ് ആർ? പൗലോസ് ആർ? കർത്താവ് ഓരോരുത്തർക്കും നിശ്ചയിച്ചതനുസരിച്ച് നിങ്ങളെ വിശ്വാസത്തി ലേക്കു നയിച്ച കേവലം ദാസന്മാർ. ഞാൻ വിത്തിറക്കി, അപ്പല്ലോസ് നനച്ചു എന്നാൽ ദൈവമാണ് വളർത്തിയത്. അതുകൊണ്ട് വിത്തിറക്കിയവനും നനച്ചവനും ഒന്നുമല്ല, വളർത്തുന്നവനായ ദൈവമാണ് എല്ലാം. നടുന്നവനും നന യ്ക്കുന്നവനും ഒരുപോലെ, ഓരോരുത്തനും താന്താന്റെ അദ്ധ്വാനത്തിനനുസരിച്ച് കൂലികിട്ടും. ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ. നിങ്ങൾ ദൈവത്തിന്റെ കൃഷി, ദൈവത്തിന്റെ മന്ദിരം."* 1 കൊരിന്ത്യർ 3:3–9

**ആമുഖം:**

വിശുദ്ധ പൗലോസ് ശ്ലീഹാ താൻ സ്ഥാപിച്ച കോരിന്ത്യസഭയിൽ തന്റെ അഭാവത്തിൽ വളർന്നുവന്ന ക്രിസ്തീയവിരുദ്ധ ദുഷ്പ്രവണതകളെപ്പറ്റി ക്ലോവയുടെ ആളുകളിൽ നിന്ന് കേട്ടറിഞ്ഞ് വേദനയോടെ, എന്നാൽ പൈതൃകമായ വാത്സല്യത്തോടെ (4:14) നിശിതമായ ഭാഷയിൽ പ്രതികരിക്കുന്ന വേദഭാഗമാണിത്. ക്രിസ്തീയ സഭ എന്ന നിലയിലുള്ള ദൈവീക വിളിയും നിയോഗവും അതിന്റെ ശ്രേഷ്ഠതയും ഗൗരവമായെടുത്ത് ലോകത്തിൽ സജീവമായ ക്രിസ്തു സാന്നിദ്ധ്യമായി തീരാനും ലോകത്തെ ദൈവരാജ്യമായി പരിവർത്തനപ്പെടുത്തുന്ന ചാലകശക്തിയായി തീരുവാനുമുള്ള പൗലോസിന്റെ ആഹ്വാനം മലങ്കരസഭയുടെ ഇന്നത്തെ വിഭക്തവും ദാരുണവമായ അവസ്ഥയിൽ ഏറ്റം പ്രസക്തമാണ്.

**കോറിന്തിലെ സഭ:**

ഏതൻസ് നഗരത്തിന്റെ പടിഞ്ഞാറ് ഈജിന ഉൾക്കടലിനരികിൽ സ്ഥിതിചെയ്തിരുന്ന പുരാതന തുറമുഖ നഗരമായിരുന്ന കോരിന്തിനെ 'ഗ്രീസിന്റെ പ്രകാശം' എന്ന് വിശേഷിപ്പിച്ചിരുന്നു. രാജ്യത്തിന്റെ തെക്ക്-വടക്ക് റോഡ് ഗതാഗതവും, ഇറ്റലി, സ്പെയിൻ തുടങ്ങിയ പടിഞ്ഞാറൻ രാജ്യങ്ങളും ഈജിപ്ത് പോലുള്ള കിഴക്കൻ രാജ്യങ്ങളും തമ്മിലുള്ള സമുദ്ര വാണിജ്യമാർഗ്ഗങ്ങളും സംഗമിക്കുന്ന കോരിന്തിന്റെ സവിശേഷ സ്ഥാനം അതിനെ വാണിജ്യ-മത-സംസ്കാര സംഗമകേന്ദ്രമാക്കി മാറ്റി. ബി.സി. 146-ൽ കോരിന്ത് റോമാക്കാർ നശിപ്പിച്ചെങ്കിലും ബി.സി. 44-ൽ ജൂലിയസ് സീസർ അത് പുതുക്കിപ്പണിതതോടെ നഗരം 'അഖായ' പ്രവിശ്യയുടെ തലസ്ഥാനവും റോമൻ ഭരണത്തിന്റെ സിരാകേന്ദ്രവും സമ്പന്നമായ കമ്പോളവുമായി മാറുകയായിരുന്നു. ഭരണ ആവശ്യങ്ങൾക്കായി കുടിയേറിപ്പാർത്ത റോമൻ ഉദ്യോഗസ്ഥകുടുംബങ്ങളും, ഔദ്യോഗിക വ്യാപാര ആവശ്യങ്ങൾക്ക് വന്നുപാർത്ത ഗ്രീക്ക് യഹൂദ ജനതകളും കോരിന്തിൽ ഒരു മത-സാംസ്കാരിക വൈവിധ്യ സമൂഹം രൂപപ്പെടുത്തി. പട്ടണത്തിന്റെ തെക്കുഭാഗത്ത് സമുദ്രനിരപ്പിൽ നിന്ന് 575 മീ. ഉയരത്തിൽ സ്ഥിതിചെയ്തിരുന്ന കാമദേവതയായ അഫ്രോഡൈറ്റിന്റെ ക്ഷേത്രത്തിൽ ആയിരത്തിലധികം ദേവദാസി പൂജാരിണികൾ സുഖലോലുപതയുടെയും ലൈംഗീക സ്വാതന്ത്ര്യത്തിന്റെയും ഹർഷാത്മീയതയ്ക്ക് സാമൂഹിക അംഗീകാരം നല്കിയിരുന്നു. സമ്പത്തും വിവിധ രാജ്യങ്ങളുമായുള്ള സമ്പർക്കവും വർദ്ധിച്ചതോടെ നഗരം അസന്മാർഗ്ഗിക ജീവിതത്തിന് കുപ്രസിദ്ധമായി ത്തീർന്നു.

വി. പൗലോസിന്റെ രണ്ടാം മിഷനറി യാത്രയിൽ മാസിഡോണിയയിൽ ജീവൻ അപടത്തിലായ ഘട്ടത്തിലാണ് ഏതൻസുവഴി അദ്ദേഹം കോരിന്തിൽ എത്തുന്നതും അവിടെ ക്രിസ്തീയ സഭയുടെ ആരംഭം കുറിക്കുന്നതും. പ്രതിസന്ധികളുടെ നടുവിലും (അപ്പോ. 18) ഒന്നരവർഷക്കാലം നീണ്ട അദ്ദേഹത്തിന്റെ കഠിനാധ്വാനം മൂലം സാമാന്യം അംഗബലവും കൃപാനൽവരങ്ങളുടെ സമൃദ്ധിയുമുള്ള ഒരു സഭയായി അത് വളർന്നു. ഒരു പങ്ക് യഹൂദ ക്രിസ്ത്യാനികളും ഭൂരിഭാഗം വരുന്ന ഇതര മതങ്ങളിൽ നിന്നുള്ള ക്രിസ്ത്യാനികളും അടങ്ങുന്ന സഭയിൽ ഭൂരിഭാഗവും

തങ്ങളുടെ പൂർവ്വമത സ്വാധീനങ്ങളിൽ നിന്ന് മുക്തമായിരുന്നില്ല എങ്കിലും എ.ഡി. 52-ൽ പൗലോസ് പാലസ്തീനിലേക്ക് മടങ്ങുംവരെ കോരിന്തുസഭ ക്രിസ്തീയമായി ജ്വലിച്ചുനിന്നു.

തുടർന്ന് അവിടം സന്ദർശിച്ച് ക്രിസ്തീയ ശുശ്രൂഷ നിർവ്വഹിച്ച അപ്പല്ലോസ് കോരിന്ത്യസഭയിൽ ആത്മീയ ഉണർവ്വ് പകർന്നു. അദ്ദേഹത്തിനുശേഷം യരൂശലേമിലെ ക്രിസ്തീയ നേതൃത്വത്തിന്റെ തുടരെയുള്ള ഇടപെടലുകളും പണപ്പിരിവുകളും ഇതര മതസ്വാധീനങ്ങളുടെ വളർച്ചയും ഈ ആത്മീയ ഉന്നതി നിലനിർത്തുവാൻ അനുവദിച്ചില്ല. വിവിധ ക്രിസ്തീയ നേതാക്കളുടെ നാമത്തിൽ വിഭാഗീയത സഭയിൽ രൂപംകൊണ്ടു. തിരുവത്താഴസമയത്തു പോലും നിലനിന്ന അനൈക്യം, സമ്പന്നനും ദരിദ്രനും തമ്മിലുള്ള വിവേചനം (11:18-22) ഹർഷോന്മാദ മറുഭാഷ ആത്മീയത (14:6), പരസ്യ വ്യവഹാരങ്ങൾ (6:1-8), ദുർനടപ്പ് (5:1-5), വിഗ്രഹാർപ്പിത വസ്തുക്കളെക്കുറിച്ചുള്ള വഴക്കുകൾ (8:1-13) വിവാഹ വിവാഹേതര ബന്ധങ്ങളിലെ പാളിച്ചകൾ (6:12-7:6) തുടങ്ങിയ പ്രശ്നങ്ങൾ പൗലോസിനെ ഏറെ ദുഃഖിപ്പിച്ചു. ഏറ്റവും വേദനിപ്പിച്ചതും ഒന്നാമതായി പരാമർശിക്കുന്നതുമായ വിഷയം തന്റെതന്നെ നാമധേയത്തിൽ സഭയിൽ വളർന്നുവന്ന കക്ഷി പ്രശ്നങ്ങളാണ്. പൗലോസും, അപ്പല്ലോസും, കേഫായും പോലെ മുതിർന്ന ക്രിസ്തീയ നേതാക്കൾ തമ്മിൽ ഭിന്നത നിലനിന്നിരുന്നില്ലെങ്കിൽ പോലും അവരുടെ അറിവോ അനുവാദമോ ആശീർവാദമോ ഇല്ലാതെ അവരുടെ നാമധേയത്തിൽ കക്ഷികൾ രൂപീകരിക്കുന്നതും സഭാംഗങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കുന്നതും ധ്രുവീകരിക്കുന്നതും ക്രിസ്തുഗാത്രത്തോടുള്ള ക്രൂരതയും ക്രിസ്തുവിന് പ്രതിസാക്ഷ്യവുമാണ് എന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു. കോരിന്ത്യ സഭയിൽ നാലുകക്ഷികൾ രൂപപ്പെട്ടതായിട്ടാണ് പൗലോസ് പറയുന്നത് (1:12)

ഒന്ന്: <u>പൗലോസിന്റെ പക്ഷക്കാർ.</u> ഈ വിഭാഗത്തിൽ പൊതു വെ വിജാതീയ ക്രിസ്ത്യാനികളായിരുന്നു. തങ്ങളുടെ ദേശീയ സഭയുടെ സ്ഥാപകനെന്ന നിലയിൽ പൗലോസിനോടുള്ള മമതയെക്കാളുപരി അദ്ദേഹത്തെ അവരുടെ കക്ഷിനേതാവായി അവരോധിക്കാൻ കാരണം യഹൂദ ന്യായപ്രമാണത്തിന്റെ അധീശത്വത്തോടുള്ള എതിർപ്പായിരുന്നു. ന്യായപ്രമാണത്തിൽ നിന്ന് സ്വാതന്ത്ര്യം നല്കുന്ന ക്രിസ്തുവിനെക്കുറിച്ച് ഊന്നിപ്പറഞ്ഞിരുന്ന പൗലോസ് കൃപയാലുള്ള രക്ഷയെക്കുറിച്ചാണ് പരാമർശിക്കുന്നതെന്ന് ഗ്രഹിക്കാതെ വികലമായി മനസ്സിലാക്കി നിയമരഹിത വൈകാരിക ആത്മീയതയ്ക്കുള്ള സ്വാതന്ത്ര്യമായി കണക്കാക്കിയ ഈ വിഭാഗം തങ്ങളുടെ പൂർവ്വമതങ്ങളുടെ, പ്രത്യേകിച്ചും അഫ്രോഡൈറ്റ് ആരാധനയുടെ, ഹർഷോന്മാദവുമായി ക്രിസ്തീയതയെ ബന്ധിപ്പിക്കാൻ ശ്രമിച്ചവരാണ്. അവർക്ക് അവരുടെതായ അജണ്ടകളുണ്ടായിരുന്നു എന്ന് വ്യക്തം.

രണ്ട്: <u>അപ്പല്ലോസിന്റെ പക്ഷക്കാർ,</u> കോരിന്തിൽ ആത്മീയ ചൈതന്യം വിതച്ച അപ്പല്ലോനിയോസിന്റെ പേരുചേർത്തായിരുന്ന അടുത്ത കക്ഷി. അപ്പല്ലോസ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹം യഹൂദ വേദശാസ്ത്ര നി പുണനനും തികഞ്ഞ വാഗ്മിയുമായ അലക്സന്ത്രിയക്കാരൻ യഹൂദനായിരുന്നു. അലക്സന്ത്രിയ തത്വജ്ഞാനത്തിന്റെയും ബൗദ്ധികതയുടെയും കേന്ദ്രമായിരുന്നതിനാൽ തത്വജ്ഞാനിയായ അദ്ദേഹം വേദശാസ്ത്രം താത്വികകാഴ്ചപ്പാടിൽ ആലങ്കാരികവും ദൃഷ്ടാന്തപരവുമായ വ്യാഖ്യാനങ്ങൾ നല്കുന്നതിൽ നിപുണനായിരുന്നു. സഭയിലെ ബൗദ്ധിക പരിവേഷമുള്ളവർക്ക് അദ്ദേഹത്തോട് പൗലോസിനേക്കാൾ മമത തോന്നിയതിൽ അത്ഭുതമില്ല. എന്നാൽ അപ്പല്ലോസ് തന്റെ പേരിൽ ഒരു കക്ഷിയുണ്ടാകുന്നതിൽ ഉത്തരവാദിയായിരുന്നില്ല. എങ്കിലും അപ്പല്ലോസിന്റെ മറവിൽ ബുദ്ധിജീവികളായ ക്രിസ്ത്യാനികൾ വേറിട്ടുനിന്നത് അപകടകരമായ വിഭജനത്തിന് വഴിതെളിച്ചു.

മൂന്ന്: <u>കേഫാവിന്റെ പക്ഷക്കാർ</u> ക്രിസ്തീയ സഭയിലെ ഏറ്റവും മുതിർന്ന നേതാവായിരുന്ന പത്രോസിന്റെ പേരിൽ രൂപീകരിക്കപ്പെട്ട കക്ഷിയിൽപെട്ടവർ യഹൂദ ക്രിസ്ത്യാനികളായിരുന്നു. പത്രോസ് കോരിന്ത് സഭ സന്ദർശിച്ചിരുന്നോ എന്നതിനുതന്നെ വ്യക്തമായ സൂചനയില്ല. എന്നാൽ പൗലോസിന്റെ സഭാപ്രവർത്തനങ്ങൾ സംശയത്തോടെ വീക്ഷിക്കയും യഹൂദ ന്യായപ്രമാണവും മര്യാദകളും ക്രൈസ്തവ സഭ ഉപേക്ഷിക്കുന്നത് അവിഹിതമെന്ന് ശഠിക്കയും ചെയ്തിരുന്ന ഒരു കൂട്ടം യഹൂദ ക്രിസ്ത്യാനികൾ പത്രോസിനെ മറയാക്കി, യരുശലേം കേന്ദ്രമാക്കി, ഒരു പ്രചാരണ സംഘമായി ജാതീയ സഭകളിൽ പ്രവർത്തിച്ചിരുന്നു എന്നതിന് സൂചനയുണ്ട്. അവർക്ക് വഴങ്ങിയ കോരിന്തു സഭയിലെ യഹൂദ ക്രിസ്ത്യാനികളാണ് കേഫാവിന്റെ കക്ഷി. അവരുടെ പ്രധാന ഉന്നം വളർന്നുവരുന്ന ക്രിസ്തീയ സമൂഹത്തെ ക്രിസ്തു വിമർശിച്ചിരുന്ന ആചാരമര്യാദകളിലും പാരമ്പര്യങ്ങളിലും തളച്ചിട്ട് അങ്ങനെ ക്രിസ്തീയ സഭയിൽ ഒരു യഹൂദ മേൽക്കോയ്മ നിലനിർത്തുക എന്നതായിരുന്നു.

നാല്: <u>ക്രിസ്തുവിന്റെ പക്ഷക്കാർ</u> ഇങ്ങനെ ഒരു പക്ഷക്കാരുണ്ടായിരുന്നോ അതോ പൗലോസ് "എന്നാൽ ഞാൻ ക്രിസ്തുവിന്റെ പക്ഷക്കാരൻ" എന്നു പറഞ്ഞത് തെറ്റായി രേഖപ്പെടുത്തിയതാണോ എന്ന് ഭിന്നാഭിപ്രായമുണ്ട്. അങ്ങനെ ഒരു കക്ഷി ഉണ്ടായിരുന്നെങ്കിൽ തന്നെ

അവർ ക്രിസ്തുവിന്റെ പേരിൽ കക്ഷിപ്രവണതകളെ എതിർത്തിരുന്നവരായിരിക്കണം.

കക്ഷികളുടെ രൂപീകരണത്തിൽ പൗലോസോ അപ്പല്ലോസോ പത്രോസോ ഉത്തരവാദികളല്ലാതിരിക്കെ അവരുടെ പേരിൽ സഭയെ ഭിന്നിപ്പിക്കുന്നത്, അതിന് നേതൃത്വം കൊടുക്കുന്നവരുടെ സ്വാർത്ഥ താല്പര്യങ്ങൾ സംരക്ഷിക്കുവാനാണെന്ന് പൗലോസ് പറയുന്നുണ്ട്. "സഹോദരരേ, നിങ്ങളോട് ഞാൻ അഭ്യർത്ഥിക്കുന്നു. നിങ്ങൾ പഠിച്ച ഉപദേശത്തിനു വിരുദ്ധമായി ഭിന്നതകളും ക്ലേശങ്ങളും സൃഷ്ടിക്കുന്നവരെ സൂക്ഷിക്കുക. അവരിൽ നിന്ന് അകന്നുനില്ക്കുക. നമ്മുടെ കർത്താവായ ക്രിസ്തുവിനെയല്ല സ്വന്തം ഉദരത്തെയാണ് അവർ സേവിക്കുന്നത്. ശുദ്ധമനസ്കരുടെ ഹൃദയങ്ങളെ തങ്ങളുടെ ചക്കരവാക്കും മുഖസ്തുതിയും കൊണ്ട് അവർ കബളിപ്പിക്കുന്നു." (റോമ. 16:17,18). ഈ പ്രവണതയാണ് മലങ്കരസഭയിലെയും ഭിന്നതയ്ക്ക് നിദാനം. 1995-ലെ സുപ്രീം കോടതി വിധി അനുസരിച്ച് സഭയിൽ ശാശ്വത സമാധാനത്തിനുള്ള സാഹചര്യം ഒരുങ്ങിയിട്ടും ഇല്ലാത്ത വിശ്വാസങ്ങളുടെ പേരിൽ വി. ശ്ലീഹന്മാർ സ്ഥാപിച്ചു എന്നു പറയപ്പെടുന്ന സിംഹാസനങ്ങളുടെപേരിൽ ചേരികളായി നിന്ന് വഴക്കടിക്കുന്നത് സഭയിലെ സ്വാർത്ഥതാല്പര്യങ്ങളുടെ വളർച്ചയെയാണ് സൂചിപ്പിക്കുന്നത്.

സഭയെക്കുറിച്ചും സഭാപ്രവർത്തകരുടെ സ്ഥാനത്തെക്കുറിച്ചുമുള്ള ബോധ്യമില്ലായ്മയാണ് വിവാദങ്ങൾക്കുപിന്നിൽ എന്ന് പൗലോസ് കരുതുന്നു. കോരിന്തു സഭ ദൈവത്തിന്റെ സ്വത്താണെന്നും അത് യേശുക്രിസ്തുവിന്റെ ശരീരമാകയാൽ ഏകവും വിശുദ്ധവുമാണെന്നും, വിശുദ്ധമാകയാൽ അതിലെ അംഗങ്ങൾ സഹോദരങ്ങളാണെന്നും, വിളിയും നിയോഗവുമുള്ളവരാകയാൽ അവർ സാധാരണക്കാരും ലൗകീകരുമല്ല വിശുദ്ധരാണെന്നും "അവിടെയും ഇവിടെയും എവിടെയും നമ്മുടെ കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവരുടെ കൂട്ടായ്മയായതിനാൽ" സഭ കാതോലികമാണെന്നുമുള്ള ആമുഖ പ്രഖ്യാപനത്തോടെയാണ് പൗലോസ് തന്റെ ലേഖനം ആരംഭിക്കുന്നത് (1:1,2) യേശുവിന്റെ കൂട്ടായ്മയിലേക്ക് നിങ്ങളെ വിളിച്ചിരിക്കുന്നത് ദൈവമാണെന്നും (1:9) ആ വിളിയെ നിങ്ങൾ ഗൗരവമായി കാണണമെന്നും (1:26) പൗലോസ് ഉൽബോധിപ്പിക്കുന്നു. കാതോലികവും ഏകവും വിശുദ്ധവുമായ ദൈവത്തിന്റെ സഭയുടെ നിയോഗം ലോകത്തിൽ ക്രിസ്തുസാന്നിദ്ധ്യമായി തീരുവാനും സർവ്വസൃഷ്ടികളെയും ക്രിസ്തുവിൽ ഏകമാക്കിക്കൊണ്ട് നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അനുഭവിക്കുന്ന ദൈവരാജ്യ അനുഭവം പകർന്നുകൊടുക്കുവാനുമാണ്. നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അനുഭവിക്കാതെ ഭിന്നതയും വ്യവഹാരവും ആത്മീയ അന്ധതയും അധികാരഭ്രമവും മുഖമുദ്രയാക്കിയ ഇന്നത്തെ സഭയ്ക്ക് ലോകത്തോടുള്ള ക്രിസ്തീയ നിയോഗം നിർവ്വഹിക്കുവാൻ കഴിയില്ല എന്ന് നമുക്കറിയാം.

അതുകൊണ്ട് വി. പൗലോസ് ഈ വേദഭാഗത്ത് അഭ്യർത്ഥിക്കുന്നത് "സഹോദരങ്ങളെ യേശുവിന്റെ നാമത്തിൽ നിങ്ങളോട് അഭ്യർത്ഥിക്കുന്നതെന്തന്നാൽ നിങ്ങൾ നിങ്ങളുടെ ഭിന്നതകൾ പരിഹരിച്ച് (make up your differences) പരസ്പരം തുന്നിചേർക്കപ്പെട്ട് (Knit together) ഏകസംസാരവും ഏകമനസ്സും ഏക അഭിപ്രായവും ഉള്ളവരാകുവിൻ" എന്നാണ്.

ഇവിടെ ക്രിസ്തുവിന്റെ 'നാമത്തിൽ' (ഓണോമാറ്റോസ്) എന്ന വാക്കിനർത്ഥം 'ക്രിസ്തുവിന്റെ സ്ഥാനത്തു നിന്നുകൊണ്ട്' അഥവാ ക്രിസ്തുവിന്റെ 'അധികാരത്തോടെ' എന്നാണർത്ഥം. സുന്ദരമെന്ന ഗോപുരത്തിനടുത്ത് ഭിക്ഷ യാചിച്ചുകൊണ്ടിരുന്ന മുടന്തനെ സുഖപ്പെടുത്തുമ്പോൾ പത്രോസ് ഉപയോഗിക്കുന്ന വാക്കുകളും ഇതു തന്നെയാണ് (അപ്പോ. 3:6). ഇത് പൗലോസിന്റെ വെറും അഭിപ്രായം എന്ന നിലയിലല്ല. യേശുക്രിസ്തുവിന്റെ പൗലോസിലൂടെയുള്ള കല്പനയാണ് എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഏക സംസാരവും ഏകമനസ്സും ഏക അഭിപ്രായമുള്ളവരായിരിക്കുവാനുള്ള അഭ്യർത്ഥന സഭയുടെ സമ്പൂർണ്ണ ഐക്യത്തെ കുറിക്കുന്നു. അതിനർത്ഥം സഭാവേദികളിൽ വ്യത്യസ്ത അഭിപ്രായങ്ങൾക്ക് സ്വാതന്ത്ര്യമില്ല എന്നല്ല പ്രത്യുത അഭിപ്രായ വ്യത്യാസങ്ങൾ ക്രിസ്തുശരീരത്തിന്റെ പാവനത്വം കളങ്കപ്പെടുത്താതെ, മുറിവുകളുണ്ടാക്കാതെ, പ്രതിസാക്ഷ്യമായി തീരുവാൻ അനുവദിക്കാതെ 'തുന്നിചേർക്കപ്പെടണം' എന്നാണ്. ഗ്രീക്ക് വേദപുസ്തകത്തിൽ ഇവിടെ കൊടുത്തിരിക്കുന്ന പദം 'കാറ്റെർടിസ്മെനോയ്' എന്നതാണ്. മുറിഞ്ഞ ശരീരം തുന്നി ചേർക്കുന്നതുമായി ബന്ധപ്പെട്ട ഒരു വൈദ്യശാസ്ത്രപദമാണിത്. 'ശരീരം' എന്നുള്ള പ്രതീകമാണ് പൗലോസ് ഇവിടെ ഉപയോഗിക്കുന്നത്. വിഭക്തമായ സഭ മുറിവേറ്റ് രക്തം വാർന്നൊഴുകുന്ന യേശുക്രിസ്തുവിന്റെ ശരീരമാണ്. രക്തം വാർന്നൊഴുകി നിർജ്ജീവമാകാതിരിക്കണമെങ്കിൽ അത് എത്രയും പെട്ടെന്ന് തുന്നിച്ചേർക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് പൗലോസ് 'ക്രിസ്തു വിഭജിക്കപ്പെട്ടിരിക്കുന്നുവോ?' (1:13) എന്ന് ചോദിക്കുന്നത്. ഏതെങ്കിലും ശരീരഭാഗം അറ്റുപോയാൽ അതിന് ജീവൻ ഇല്ലാത്തതുപോലെ വിഭക്തമായ സഭയ്ക്ക് ജീവനില്ല.

അത് ശവമാണ്. അതുകൊണ്ടു തന്നെ മലങ്കരസഭയിലെ പ്രശ്ന ങ്ങൾക്കു പരിഹാരം വീതം വച്ച് പിരിയുന്നതാണെന്ന് നിർദ്ദേശിക്കുന്നതിന്റെ സാംഗത്യമില്ലായ്മ മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ സഭ മരിച്ച സഭയാണെങ്കിൽ അത് വെട്ടിമുറിക്കുന്നതിൽ പ്രശ്നമില്ല. പ്രത്യുത അത് ജീവിക്കുന്ന സഭയാണെങ്കിൽ ജീവിക്കുന്ന സഭയാകണമെന്ന് കരുതുന്നുണ്ടെങ്കിൽ അതിനെ വെട്ടിമുറിച്ചുകൂടാ. മുറിവേറ്റ ശരീരം തുന്നിചേർക്കുന്നത് എത്ര തന്നെ വേദനാജനകമാണെങ്കിലും മുറിവുകളെ ഉണക്കുന്ന ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് ആ ചികിത്സ നടത്തിയേ പറ്റൂ.

സഭയുടെ ഭിന്നതയുടെ പ്രധാന കാരണം അതിലെ ശുശ്രൂഷകരുടെ സ്ഥാനത്തെക്കുറിച്ച് സഭാവിശ്വാസികൾക്കോ ശുശ്രൂഷകർക്കോ ബോധ്യമില്ലാത്തതുകൊണ്ടാണെന്ന് പൗലോസ് കരുതുന്നു. സഭാശുശ്രൂഷകർ അവരുടെ സ്ഥാനത്ത് നിന്നില്ലെങ്കിൽ സഭയുടെ സമാധാനം ഭഞ്ജിക്കപ്പെടും. സഭയുടെ തലയായ ക്രിസ്തുവിന്റെ സ്ഥാനത്തിനുപരിയായി സഭാ ശുശ്രൂഷകരുടെ സ്ഥാനത്തിന് പ്രാധാന്യം കല്പിക്കപ്പെടുമ്പോൾ അവിടെ ഭിന്നത ഉണ്ടാകുന്നു. സഭയിൽ സഭാശുശ്രൂഷകരുടെ സ്ഥാനമെന്തെന്ന് വ്യക്തമാക്കുവാൻ രണ്ട് പ്രതീകങ്ങളാണ് പൗലോസ് ഉപയോഗിക്കുന്നത്. ഒന്ന് 'തോട്ടം' രണ്ട് 'ഭവനം'.

"പൗലോസ് നട്ടു. അപ്പല്ലോസ് നനച്ചു. ദൈവമത്രെ വളരുമാറാക്കുന്നത്. നടുന്നവനും നനയ്ക്കുന്നവനും ഏതുമല്ല വളർത്തുന്നവനായ ദൈവമത്രെ എല്ലാം." (3:6,7) "എനിക്കു ലഭിച്ച ദൈവ കൃപയ്ക്ക് ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളൊരു പ്രധാന ശില്പിയായി അടിസ്ഥാനമിട്ടിരിക്കുന്നു. മറ്റൊരുവൻ മീതെ പണിയുന്നു. ഞാൻ എങ്ങനെ പണിയുന്നു എന്ന് ഓരോരുത്തർ നോക്കിക്കൊള്ളട്ടെ" (3:10) ദൈവത്തിന്റെ തോട്ടത്തിലും ദൈവഭവന നിർമ്മാണത്തിലും വെറും കൂലിക്കാരുടെ സ്ഥാനം മാത്രമാണ് സഭാ ശുശ്രൂഷകർക്കുള്ളത്. അവരെ നിയോഗിക്കുന്നതും അവരുടെ സേവനത്തിനനുസരിച്ച് വേതനം നല്കുന്നതും സേവനം നൽകാഞ്ഞാൽ ശിക്ഷിക്കുന്നതും ദൈവമത്രെ. ദൈവത്തിന്റെ തോട്ടത്തിലും ഭവനത്തിലും ദൈവം നല്കിയ സർഗ്ഗശക്തികൾ വിനിയോഗിച്ച് അധ്വാനിച്ച് തൃപ്തിയോടെ പിരിയുന്ന തൊഴിലാളിയുടെ ചിത്രമാണ് പൗലോസ് ഉൾക്കൊള്ളുന്നത്. തോട്ടമുടമയായ ക്രിസ്തുവിന്റെ മഹത്വത്തിന് യാതൊരുവിധത്തിലും കോട്ടം തട്ടാതിരിപ്പാൻ കരുതലോടെയാണ് താൻ ശുശ്രൂഷ ചെയ്തിട്ടുള്ളതെന്ന് പൗലോസ് വെളിപ്പെടുത്തുന്നു. "പൗലോസ് നിങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടുവോ"? അല്ല, പൗലോസിന്റെ പേരിൽ നിങ്ങൾ സ്നാനമേറ്റുവോ? (1:13) എന്ന് പൗലോസ് ചോദിക്കുന്നതിന്റെ പൊരുൾ ഇതാണ്. ക്രിസ്തുവിന്റെ ക്രൂശ് വ്യർത്ഥമാകാതിരിക്കത്തക്കവണ്ണം വാഗ്ചാതുര്യത്തോടെ പ്രസംഗിക്കുവാൻ പോലും താൻ ശ്രമിച്ചിട്ടില്ല (1:17). സ്നാനത്തിലൂടെ അല്ലെങ്കിൽ മാമ്മോദീസായിലൂടെയാണ് ഒരാൾ ക്രിസ്തുഗാത്രത്തിന്റെ ഭാഗമായി മാറുന്നത്. സ്നാനത്തിലൂടെ നാം ക്രിസ്തുവിനെ ധരിക്കുകയാണെന്നും ക്രിസ്തു ഗാത്രത്തിന്റെ ഭാഗമായിരിക്കുന്നവർ ക്രിസ്തുവിൽ ഒന്നാണെന്നും പൗലോസ് പറയുമ്പോൾ (ഗല:3:27,28) ലോക ഭിന്നതകൾക്കതീതമായ ക്രിസ്തുഗാത്രത്തിന്റെ അഖണ്ഡതയാണ് പൗലോസ് ഊന്നിപ്പറയുന്നത്. മാമ്മോദീസാ സ്വീകരിക്കുന്നയാൾ അതു നല്കുന്നയാളുടെ കക്ഷിയിലെ അംഗമായി തീരുകയാണെന്ന സാധാരണ തെറ്റിദ്ധാരണമൂലം തനിക്കെന്തെങ്കിലും പ്രാധാന്യം കല്പിക്കപ്പെടാതിരിക്കുവാൻ സ്നാനം നല്കുന്നതിൽ നിന്ന് താൻ വിട്ടുനിന്നു എന്ന് പൗലോസ് വ്യക്തമാക്കുന്നു. തന്റെ സ്ഥാനത്തെക്കുറിച്ച് തികഞ്ഞ ബോധ്യവും അത് തുറന്നുപറയുവാനുള്ള ഔചിത്യവും ആർജ്ജവവും പൗലോസ് കാണിക്കുന്നത് സഭയെയും ക്രിസ്തുവിനെയും അത്രയ്ക്ക് പൗലോസ് സ്നേഹിച്ചതുകൊണ്ടാണ്.

കൊരിന്ത് സഭയിൽ തന്റെ പേരിലുണ്ടായ ഭിന്നത പരിഹരിക്കാൻ ക്രിസ്തീയ ബോധ്യവും വിവേകവുമുള്ള പൗലോസുണ്ടായിരുന്നു. എന്നാൽ ഇന്ന് വി. പൗലോസിനേ പ്പോലെ ദർശനമുള്ള സഭാനേതൃത്വത്തിന്റെ അഭാവമാണ് സഭ നേരിടുന്ന പ്രതിസന്ധി. മൺമറഞ്ഞുപോയ പിതാക്കന്മാരുടെ പേരിൽ സഭയിൽ വിഭജനം നിലനിർത്തേണ്ടത് തങ്ങളുടെ സ്ഥാനമാനങ്ങളുടെ നിലനില്പിന് ആവശ്യമാണെന്ന് തിരിച്ചറിഞ്ഞിരിക്കുന്ന സഭാശുശ്രൂഷകർ മുറിവേറ്റ് രക്തം വാർന്നൊഴുകുന്ന ക്രിസ്തുഗാത്രത്തെ വിഭജിച്ച് നിർജ്ജീവമാക്കിയിട്ടെങ്കിലും അതിൽ ഉടമസ്ഥാവകാശം കയ്യാളുവാൻ വ്യഗ്രതകാട്ടുന്നു. ദൈവം നട്ടുണ്ടാക്കിയ മുന്തിരിത്തോട്ടത്തിൽ ആധിപത്യം ഉറപ്പിച്ചിരിക്കുന്ന കുടിയാന്മാർ ഞങ്ങൾ തോട്ടമുടമകൾ എന്ന മിഥ്യാധാരണയിൽ അനുഭവം കൊള്ളയടിക്കുന്നു. (മക്കോ. 12:1-9). തോട്ടത്തിന്റെ ഉടമസ്ഥൻ അതിന്റെ ഉടമസ്ഥത ഏറ്റെടുക്കുവാൻ ശക്തനാണെന്ന വിശ്വാസത്തോടെ വിവേകബുദ്ധിയുള്ള വിശ്വസ്ഥരായ കാര്യവിചാരകരായി ഉടമസ്ഥന്റെ മുൻപിൽ വിധേയപ്പെടുവാനും അവനോടുചേർന്ന് സഭാഗാത്രം തുന്നിച്ചേർക്കുന്ന വേദനയുടെ പ്രക്രിയയിൽ പങ്കാളികളാകുവാനും നമുക്ക് കഴിയണം. സഭയിൽ ശാന്തിയും സമാധാനവും പുലരുവാൻ നമുക്ക് പ്രാർത്ഥനയോടെ പ്രവർത്തിക്കാം.

ശാസ്ത്രം

# പ്രോസ്റ്റേറ്റ് ക്യാൻസർ


**വി. പി.**


***പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ വികാസം വാർദ്ധക്യത്തിലെത്തുന്ന പുരുഷന്മാരിൽ ഒരു സാധാരണ സംഭവമാണ്. അത് ക്യാൻസർ ആയി മാറണമെന്നില്ല.***

***പ്രോസ്റ്റേറ്റ് ക്യാൻസറിൽ 10 ശതമാനം പരമ്പരാഗതമാണ്.***

***ഇൻഡ്യയിൽ കണ്ടുപിടിക്കപ്പെടുന്ന പ്രോസ്റ്റേറ്റ് ക്യാൻസറിൽ 75-85 ശതമാനം മൂന്നും നാലും ഘട്ടത്തിലാണ്.***

**എന്താണ് പ്രോസ്റ്റേറ്റ്?**




പുരുഷ പ്രത്യുത്പാദനവ്യൂഹത്തോട് അനുബന്ധിച്ചുകാണുന്ന ഒരു ഗ്രന്ഥിയാണ് പ്രോസ്റ്റേറ്റ്. മൂത്രാശയത്തിന്റെ അടിയിൽ മൂത്രനാളത്തിനു ചുറ്റുമായി സ്ഥിതിചെയ്യുന്ന ഇതിന് 'ചെസ്റ്റ് നട്ടി'ന്റെ ആകൃതിയാണ്. യഥാർത്ഥത്തിൽ ഇത് യോജനകല (connective tissue) കൊണ്ട് കൂട്ടിച്ചേർക്കപ്പെട്ട 35-50 ഗ്രന്ഥികൾ ചേർന്ന് ഒറ്റയായി കാണപ്പെടുന്നതാണ്. ഗ്രന്ഥി സ്രവത്തെ (secretion) ഉത്പാദിപ്പിക്കുന്ന അവയവമാണ്. പ്രോസ്റ്റേറ്റ് ഗ്രന്ഥി ഉത്പാദിപ്പിക്കുന്ന സ്രവം ബീജാണുക്കളോടൊപ്പം ചേർന്ന് ശുക്ല (Semen)ത്തിന് ദ്രവരൂപം നൽകാൻ സഹായിക്കുന്നു. ശുക്ലത്തിൽ 15-30 ശതമാനം ഈ സ്രവമാണ്. ഇതിലാണ് പുരുഷബീജങ്ങൾ നീന്തി നീങ്ങുന്നത്. കൗമാര പ്രായത്തോടെ പ്രോസ്റ്റേറ്റ്ഗ്രന്ഥി പൂർണ്ണ വളർച്ചയിലെത്തുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്യുന്നു. 50 വയസ്സുവരെ അത് ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നു. അതിനു ശേഷം അതിന്റെ സ്രവോല്പാദന ശേഷി മന്ദീഭവിക്കുന്നു. അപ്പോൾ സ്രവം വർദ്ധിപ്പിക്കുവാനുള്ള ശ്രമത്തിൽ ഗ്രന്ഥി വികസിക്കാൻ തുടങ്ങുന്നു. ഇതാണ് പ്രോസ്റ്റേറ്റ് വികാസത്തിനു കാരണം. ഇത് വൃദ്ധന്മാരിൽ സാധാരണമാണ്.

**പ്രോസ്റ്റേറ്റ് വികാസത്തിന്റെ ലക്ഷണങ്ങൾ?**

## (Prostrate enlargement)

പ്രോസ്റ്റേറ്റ് ഗ്രന്ഥി സ്ഥിതിചെയ്യുന്നത് മൂത്രവാഹി (Urethra) യെ പൊതിഞ്ഞാണെന്നു പറഞ്ഞല്ലോ. അതിന്റെ വികാസം മൂലം മൂത്രവാഹി ഞെരുങ്ങുന്നു. അപ്പോൾ അതിലൂടെയുള്ള മൂത്രപ്രവാഹം തടസ്സപ്പെടുന്നു. അങ്ങനെയുള്ളവർക്ക് കൂടെക്കൂടെ മൂത്രമൊഴിക്കണമെന്നും മൂത്രമൊഴിച്ചു കഴിഞ്ഞാൽ തന്നെ മൂത്രാശയം പൂർണ്ണമായി ശൂന്യമായില്ല എന്നുമുള്ള തോന്നൽ ഉണ്ടാകുന്നു. മാത്രമല്ല മൂത്രവിസർജ്ജനത്തിന് കൂടുതൽ സമയമെടുക്കുകയും ചെയ്യും.

പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ വികാസം മൂലമുണ്ടാകുന്ന മൂത്ര തടസ്സം 50 വയസ്സിനുമേൽ പ്രായമുള്ള 70 ശതമാനം പുരുഷന്മാരിലും പല തോതിൽ അനുഭവപ്പെടുന്നുണ്ട്. ഇത് പ്രോസ്റ്റേറ്റ് ക്യാൻസർ ആയി ത്തീരണമെന്നില്ല. ഇത്തരക്കാരിൽ ഒരു ചെറിയ ശതമാനത്തിനുമാത്രമെ പ്രോസ്റ്റേറ്റ് ക്യാൻസർ പിടിപെടുന്നുള്ളൂ.

**പ്രോസ്റ്റേറ്റ് ക്യാൻസറിനുള്ള കാരണങ്ങൾ**

രക്തത്തിൽ 'ടെസ്റ്റോസ്റ്റെറോൺ' എന്ന രാസവസ്തുവിന്റെ ഉയർന്ന നില, ഹോർമോൺ നിലയിലുള്ള വ്യതിയാനം, ജീവൽ പ്രവർത്തനങ്ങളുടെ ചില മുൻ ക്രമീകരണങ്ങൾ (organic predispositions)

പാരമ്പര്യം എന്നിവയാണ് പ്രോസ്റ്റേറ്റ് ക്യാൻസറിനുള്ള കാരണങ്ങൾ. പ്രോസ്റ്റേറ്റ് ക്യാൻസർ ബാധയ്ക്ക് മുമ്പ് ആ ഗ്രന്ഥിയുടെ വികാസം സാധാരണമാണ്. ഏഷ്യയിൽ 2-3 ശതമാനം പുരുഷന്മാരിലാണ് ഇത് ബാധിച്ചുകാണുന്നത്.

**പ്രോസ്റ്റേറ്റ് ക്യാൻസറിന്റെ ലക്ഷണങ്ങൾ**

പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ വികാസത്തിന്റെ മേൽപറഞ്ഞ ലക്ഷണങ്ങൾക്കു പുറമെ പ്രോസ്റ്റേറ്റ് ക്യാൻസർ താഴെ പറയുന്നവ കൂടി പ്രകടമാക്കുന്നു.

1. മൂത്രനാളത്തിൽ വേദനയും പുകച്ചിലും
2. മൂത്രത്തിൽ രക്തത്തിന്റെ സാന്നിദ്ധ്യം
3. ഇടുപ്പിലെ ലിംഫ് ഗ്രന്ഥികൾക്ക് വീക്കം.
4. എളി(hip)യിലും, മുതുകിലും വാരിയെല്ലുകൾക്കിടയിലും വേദന.
5. ലൈംഗികശേഷി നഷ്ടപ്പെടുക.

ഇൻഡ്യയിൽ അരനൂറ്റാണ്ടു മുമ്പുവരെ മനുഷ്യന്റെ ശരാശരി ആയുസ് 50 ൽ താഴെയായിരുന്നു. എന്നാൽ ഇപ്പോൾ അത് 70 ൽ കൂടുതലാണ്. അപ്പോൾ വൃദ്ധന്മാരുടെ എണ്ണം അതിനനുസരിച്ച് വർദ്ധിച്ചിട്ടുണ്ടാകുമല്ലോ. അതാണ് പ്രോസ്റ്റേറ്റ് ക്യാൻസർ ബാധയിൽ വർദ്ധനവ് ഉണ്ടാകുവാൻ പ്രധാന കാരണം.

ഇന്ത്യയിൽ പ്രോസ്റ്റേറ്റ് ബാധിച്ചവരായി കണ്ടുപിടിക്കപ്പെടുന്നവരിൽ 75 മുതൽ 85 വരെ ശതമാനം രോഗികളും രോഗത്തിന്റെ മൂന്നും നാലും (Stage III & IV) ഘട്ടത്തിലുള്ളവരുമാണ്. രോഗം എത്ര നേരത്തെ കണ്ടുപിടിക്കപ്പെടുന്നുവോ ചികിത്സ അത്രതന്നെ എളുപ്പവും ഫലപ്രദവുമായിരിക്കും.

**രോഗനിർണ്ണയം :**

പ്രോസ്റ്റേറ്റ് ക്യാൻസറിനുള്ള ആദ്യപരിശോധനപ്രോസ്റ്റേറ്റ് മുഴകൾ (nodes) ഉണ്ടോ എന്നു കണ്ടെത്തുകയാണ്. അവയുടെ സാന്നിധ്യം രോഗബാധയെ സൂചിപ്പിക്കുന്നു. അവ ഉണ്ടെന്നു കണ്ടാൽ Prostate Specific Antigen (P.S.A.) പരിശോധനനടത്തുന്നു. ഈ ആന്റീജന്റെ നില (level) കൂടുതലാണെങ്കിൽ ക്യാൻസർബാധ കുറെക്കൂടി ഉറപ്പാണ്. എന്നാൽ P.S.A. യുടെ ആധിക്യം ഇക്കാര്യത്തിൽ നിർണ്ണായകമാകണമെന്നില്ല. ഇതിനുശേഷം നടത്തുന്ന Core needle biopsy ക്യാൻസറിന്റെ സാന്നിധ്യം സ്ഥിരീകരിക്കുന്നു. M.R.I. Scan, Bone Scan എന്നിവ വഴി രോഗത്തിന്റെ ഘട്ടം (Stage) നിർണ്ണയിക്കാൻ കഴിയും.

**ചികിത്സ**

പ്രോസ്റ്റേറ്റ് ക്യാൻസർ ആരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിച്ചാൽ ഗ്രന്ഥി ശസ്ത്രക്രിയമൂലം നീക്കം ചെയ്ത് രോഗവിമുക്തി നേടാം. ഇതിനെ പ്രോസ്റ്റെറ്റെക്റ്റമി (Prostatectomy) എന്നാണ് പറയുന്നത്. ഇത് മൂത്രദ്വാരം വഴി ഒരു കുഴലിട്ട് നടത്തുന്ന T.U.R.P. (Trans Urethral Resection of Prostate) എന്ന ശസ്ത്രക്രിയയിലൂടെയോ റോബോട്ടിക് (Robotic) രീതിയിലൊ നടത്താം. രോഗം മൂന്നോ നാലോ ഘട്ടത്തിലുള്ളതാണെങ്കിൽ ശസ്ത്രക്രിയയൊ മരുന്നുപയോഗിച്ചുള്ള Castration നടത്തിയശേഷം Anti Androgen ചികിത്സയൊ റേഡിയോ ചികിത്സയൊ ചെയ്യുന്നു. അതായത് പ്രോസ്റ്റേറ്റ് ക്യാൻസർ ചികിത്സയിൽ ശസ്ത്രക്രിയ, റേഡിയേഷൻ, ഹോർമോൺ ചികിത്സ, കീമോ തെറാപ്പി എന്നിവ ആവശ്യാനുസരണം ഒറ്റയ്ക്കോ സങ്കലിപ്പിച്ചോ പ്രയോഗിക്കാവുന്നതാണ്. പ്രോസ്റ്റേറ്റ് ക്യാൻസറിൽ 10 ശതമാനത്തോളം പാരമ്പര്യമാണെന്നു പറഞ്ഞല്ലോ. അതിന്റെ അർത്ഥം ഈ രോഗം കുടുംബത്തിൽ ശൃംഖലാരൂപത്തിൽ തുടരാം എന്നുള്ളതാണ്.

☐

കവിത

## ജി. എസ്. ടി.

**പോൾച്ചൻ**

അരിയെത്രയെന്നു ചോദിച്ചാൽ
പയറഞ്ഞാഴിയെന്നുത്തരം
അന്ന്-
അരിയെത്രയെന്ന് ചോദിച്ചാൽ
ജിഎസ്ടി എന്തെന്നറിയുമോ?
ഇന്ന്-
പുറത്തൊന്നു പറഞ്ഞിടും
അകത്ത് മറുതന്ത്രം മെനഞ്ഞിടും
ചുമക്കണം നാമീ നേതാക്കളെ!
പാവം ജനം "............................"

യാത്രാവിവരണം

# ആ സ്വപ്നഭൂമിയിലൂടെ

**എം. സൈമൺ**

യേശുവിന്റെ കാൽപ്പാദങ്ങൾ പതിഞ്ഞ വളരെ പ്രധാനപ്പെട്ട പുണ്യസ്ഥാനങ്ങളുടെ ചെറുവിവരണം മാത്രമെ ബുള്ളറ്റിൻ പോലുള്ള ഒരു പ്രസിദ്ധീകരണത്തിൽ ഉൾക്കൊള്ളിയ്ക്കാൻ കഴിയൂ എന്നുള്ളതുകൊണ്ട് യാത്രയിലെ വേറിട്ട അനുഭവങ്ങളുടെ വശ്യാവിഷ്കാരം ഇവിടെ പ്രസക്തമല്ല. ശാലോം ചാനലിൽ ഇതിന്റെ പൂർണ്ണദൃശ്യങ്ങൾ സംപ്രേഷണം ചെയ്തിരുന്നത് ചിലരെങ്കിലും കണ്ടുകാണും.

ഒരിയ്ക്കൽ കണ്ടാൽ വീണ്ടും കാണണമെന്ന് ആഗ്രഹിച്ചുപോകുന്നത്ര വശ്യസുന്ദരമാണ് വിശുദ്ധ നാട്. മലമടക്കുകളുടെ ഓരം ചേർന്ന് മിനുസമുള്ള ഇരട്ടലൈൻ പാതയിലൂടെ left hand drive ൽ ഒഴുകി നീങ്ങുന്ന വാഹനത്തിൽ പ്രകൃതിഭംഗി ആവോളം ആസ്വദിച്ചുകൊണ്ടുള്ള യാത്രതന്നെ ഒരനുഭൂതിയാണ്. ചെറിയ കാറുകളോ ബൈക്കുകളോ നിരത്തിലെങ്ങും കണ്ടില്ല. നിരത്തുകളും പൊതുസ്ഥലങ്ങളും വളരെ വൃത്തിയായി സൂക്ഷിയ്ക്കപ്പെട്ടിരിക്കുന്നു. തളരാത്ത ആത്മവിശ്വാസവും കഠിനാദ്ധ്വാനവുംകൊണ്ട് യിസ്രായേൽ ഇന്ന് പല മേഖലകളിലും സ്വയം പര്യാപ്തത നേടിക്കഴിഞ്ഞു. ജലദൗർലഭ്യം മൂലം തരിശായി കിടന്നിരുന്ന പല പ്രദേശങ്ങളും ഇന്ന് ഫലപൂയിഷ്ടമായ കൃഷിത്തോട്ടങ്ങളാണ്. ഡ്രിപ്പ് ഇറിഗേഷൻ ആദ്യമായി പരീക്ഷിച്ച് വിജയിച്ച രാജ്യമാണ് യിസ്രായേൽ. പൊതുടാപ്പുകൾ ഒരിടത്തും ഇല്ല. കുപ്പികളിൽ നിറച്ച കുടിവെള്ളം ഒരു ഡോളർ വിലയ്ക്ക് കടകളിൽ വാങ്ങാൻ കിട്ടും. നോക്കെത്താദൂരത്തിൽ കൃഷിയ്ക്കായി ഒരുക്കിയിട്ടിരിയ്ക്കുന്ന മണ്ണിലെ ഉഴവുചാലുകൾ ഋജുരേഖകൾ പോലെ കുന്നുകളും താഴ്‌വരകളും കടന്ന് നീണ്ടുപോകുന്നതും പോളിത്തീൻ പടുതകൾ കൊണ്ട് വിതാനിച്ച വിസ്തൃതമായ കൃഷിത്തോട്ടങ്ങളും എല്ലാം മനോഹരമായ കാഴ്ചകളാണ്. മുന്തിരി, ഓറഞ്ച്, ഈന്തപ്പഴം, ഒലിവെണ്ണ, പാലുൽപ്പന്നങ്ങൾ, മാംസം, കമ്പിളി, തുകൽ, യുദ്ധോപകരണങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവയെല്ലാം ഇവിടെനിന്നും അന്യനാടുകളിലേയ്ക്ക് കയറ്റി അയയ്ക്കുന്നു. പ്രധാന വരുമാനം ടൂറിസം മേഖലയിൽ നിന്നാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ആയിരക്കണക്കിന് തീർത്ഥാടകരും വിനോദസഞ്ചാരികളും ദിനംപ്രതി യിസ്രായേൽ സന്ദർശിയ്ക്കുന്നു. അവിടെയെത്തുന്ന ഓരോ സന്ദർശകരെയും വ്യക്തിപരമായി സംബോധന ചെയ്ത് സന്ദർശനത്തിന് നന്ദിപറഞ്ഞും വീണ്ടും വരാൻ ക്ഷണിച്ചുകൊണ്ടും സർട്ടിഫിക്കറ്റ് രൂപത്തിൽ അച്ചടിച്ച് ടൂറിസം മന്ത്രി കൈയ്യൊപ്പിട്ട് നമുക്ക് തരുന്ന കത്തിൽ ഒരു ദണ്ഡിൽ കെട്ടിയ മുന്തിരിക്കുല രണ്ടുപേർ ചുമലിൽ ചുമക്കുന്ന ചിത്രവും യേശയ്യാ 2 ലെ മൂന്നാം വാക്യം അടിയിൽ ചേർത്തിരിയ്ക്കുന്നതും വളരെ അർത്ഥവത്തായി തോന്നി.

ഒലിവുമലയുടെ ചരുവിലുള്ള Hotel Seven Arches ന്റെ മട്ടുപ്പാവിൽ നിന്നാൽ കണ്ണുചിമ്മുന്ന അനേകായിരം നക്ഷത്രങ്ങളെ തൊട്ടുരുമ്മി യരുശലേം പട്ടണത്തിലെ എണ്ണമറ്റ ആലക്തിക ദീപങ്ങളും നമുക്ക് ചുറ്റും ഒരു മാസ്മരലോകം തെളിഞ്ഞുനിൽക്കുന്നതായ പ്രതീതി നൽകുന്നു. "ദൈവം വിശുദ്ധ സ്ഥലത്തിന് വേണ്ടി ജനത്തെ തിരഞ്ഞെടുക്കുകയല്ല ജനത്തിന് വേണ്ടി ഈ മനോഹരനാട് തിരഞ്ഞെടുക്കുകയായിരുന്നു" എന്ന 2 മക്കാ. 5 ന്റെ 19-ാം വചനം നാം ഓർത്തുപോകും.

വിശുദ്ധനാട്ടിലെ സുപ്രധാന സ്ഥലങ്ങളിൽ ഒന്നാണ് ഒലിവുമല. യേശു പ്രാർത്ഥിപ്പാൻ നിരന്തരം പോയിരുന്നത് ഒലിവുമലയിലേയ്ക്കാണ്. അബ്ശാലോമിൽനിന്നും രക്ഷപ്പെടാനായി ദാവീദ് രാജാവ് ഒളിച്ചുതാമസിച്ചത് ഒലിവുമലയിലാണ്. (2 Sam 15:30) ''യഹോവ സർവ്വ ഭൂമിയ്ക്കും രാജാവാകുന്ന നാളിൽ അവന്റെ കാൽ യരുശലേമിനെതിരെ കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും" (Zech 14:4) മിശിഹാ ഒലിവുമലയിൽ പ്രത്യക്ഷനാകുമെന്നും അപ്പോൾ കിദ്രോൻ താഴ്‌വരയിൽ അന്ത്യവിശ്രമം കൊള്ളുന്നവർ ആദ്യം ഉയിർപ്പിയ്ക്കപ്പെടുമെന്നും യഹൂദർ വിശ്വസിയ്ക്കുന്നു. അതുകൊണ്ടാണ് കിദ്രോനിൽ തന്നെ അടക്കപ്പെടണമെന്ന് എല്ലാ യഹൂദരും ആഗ്രഹിയ്ക്കുന്നത്.

ഈന്തപ്പനകളും ഒലിവ്തോട്ടങ്ങളും പച്ച വിരിച്ചു നിന്നിരുന്ന ഒലിവുമലയ്ക്ക് ഇന്നു പക്ഷെ ആ പഴയ ഹരിത ഭംഗിയും വിജനതയുടെ മനോഹാരിതയും നഷ്ടമായിരിയ്ക്കുന്നു. തലങ്ങും വിലങ്ങും

റോഡുകളും സന്ദർശകരുടെ നില യ്ക്കാത്ത തിരക്കും ഹോട്ടലുകളും ദേവാലയങ്ങളും സ്മാരകങ്ങളും നിറഞ്ഞതാണിന്നവിടം. ഒലിവുമ ലയിൽ നിന്ന് കിദ്രോൻ താഴ്‌വര കടന്ന് ജറുസലേം പട്ടണത്തിലേ യ്ക്ക് യേശു പോയിരുന്നത് കോട്ട യുടെ സുവർണ്ണ വാതിലിലൂടെ ആയിരുന്നു. ഇന്ന് ആ വലിയ ആർച്ചുവാതിൽ കല്ലുകെട്ടി അട ച്ചിരിയ്ക്കുന്നു. ഒലിവുമലയിൽ നിന്നാൽ പട്ടണത്തെ ചുറ്റി നീണ്ടു പോകുന്ന വൻമതിലും അതിനു ള്ളിലെ ഒന്നോ രണ്ടോ നിലക ളുള്ള കളിമൺ നിറത്തിൽ എണ്ണി യാലൊടുങ്ങാത്ത കെട്ടിടങ്ങളുടെ നിരയും കാണാം. അവയ്ക്കിട യിൽ എട്ടുവശങ്ങളുള്ളതും മുക ളിൽ ഒരു കിരീടം പോലെ സ്വർ ണ്ണം പൂശിയ വലിയ മകുടമുള്ളതു മായ മുസ്ലീം പള്ളി ദൃശ്യഭംഗിയോ ടെ വേറിട്ടുനിൽക്കുന്നു. മോറിയമ ലയിൽ അബ്രാഹം മകനെ ബലി കഴിയ്ക്കാൻ തീർത്ത പീഠത്തിലെ കല്ലുകൾ കൊണ്ടാണ് മകുടം പണിതിരിയ്ക്കുന്നതെന്ന് പറയപ്പെ ടുന്നു. അതുകൊണ്ടതിനെ "Doom of the Rock" എന്നു വിളിക്കുന്നു.

യരുശലേം നഗരത്തെ നോ ക്കി വരാനിരിയ്ക്കുന്ന നാശത്തെ ഓർത്ത് നെടുവീർപ്പെട്ടു വിലപി ക്കുന്ന യേശുവിന്റെ ചിത്രം വളരെ സുപരിചിതമാണല്ലോ. ആ സ്ഥാന ത്താണ് കണ്ണുനീർത്തുള്ളിയുടെ ദേവാലയം സ്ഥിതിചെയ്യുന്നത്. (Dominus Flevit).അതിന്റെ അൾ ത്താരയ്ക്ക് മുൻപിലെ പല വർണ്ണ ങ്ങളിലുള്ള ചില്ലുമറയിലൂടെ വൻമ തിലും പട്ടണവും വ്യക്തമായി കാണാം. ചില്ലിലൂടെ കടന്നുവരു ന്ന വർണ്ണരാജികളാൽ പള്ളിയകം ഒരലൗകികശോഭയിൽ തിളങ്ങി നിൽക്കുന്നു.

ഒലിവുമലയുടെ ചരുവിലാണ് ഗദ്സമൻതോട്ടം. അരമ്യഭാഷയിൽ 'ഗാട്ട്സമൻ' എന്നാൽ ഒലിവ് ആ ട്ടുന്ന ചക്ക് എന്നാണ് അർത്ഥം. 2500 വർഷത്തിലേറെ പഴക്കമുള്ള വയും യേശുവിന്റെ അന്ത്യനിമി ഷങ്ങൾക്ക് സാക്ഷ്യം വഹിച്ചവയു മായ ഒലിവ് മരങ്ങൾ ഇന്നും ആ തോട്ടത്തിൽ നിലനിൽക്കുന്നു. ആ രാത്രിയിൽ "കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കി ത്തരണമേ" എന്ന് യേശു കമിഴ്ന്നു വീണു പ്രാർത്ഥിച്ച സ്ഥാനത്താണ് Basilica of Agony എന്നും Church of all Nations എന്നും അറിയപ്പെ ടുന്ന പള്ളി സ്ഥിതിചെയ്യുന്നത്. മനോഹരമായ അൾത്താരയ്ക്ക് മുൻവശത്തെ തറയിൽ 8 അടി യോളം സമചതുരത്തിലുള്ള ഒരു പാറയുടെ ഭാഗം കാസ്റ്റയൺ കൊണ്ട് വേർതിരിച്ചിട്ടുണ്ട്. യേശു മുന്നു പ്രാവശ്യവും പ്രാർത്ഥിച്ചത് ഈ പാറയിൽ വീണുകിടന്നായിരു ന്നു. രക്തം വിയർത്തുവീണ ഈ ശോകഭൂമിയിൽ നിൽക്കുമ്പോൾ ദുഃഖവും ഭക്തിയും കൊണ്ട് എല്ലാ വരുടെയും കണ്ണുകൾ ഈറനണി യുന്നു. യേശു കമിഴ്ന്നുവീണ പാറ മേൽ കൈകൾ തൊട്ട് സാഷ്ടാം ഗം വീണ് വിങ്ങിക്കരഞ്ഞു വില പിയ്ക്കുന്ന പല വിശ്വാസികളെ യും നമുക്കവിടെ കാണാം. യരു ശലേം പട്ടണത്തിന്റെ ഏതു കോ ണിൽ നിന്നാലും അങ്ങു ദൂരെ മലഞ്ചെരുവിലെ ഈ പള്ളിയും പൂമുഖത്തെ 3 ആർച്ചുതൂണുകൾക്ക് മുകളിലെ ഭിത്തിയിൽ വരച്ചിരി യ്ക്കുന്ന യേശുവിന്റെ ചിത്രവും കാണാം. ഇവിടെ വച്ചാണ് യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കുന്നതും ചോദ്യം ചെയ്യലിനായി മഹാപു രോഹിതന്റെ അടുക്കലേയ്ക്ക് കൊണ്ടുപോകുന്നതും. ഇന്നു കാണുന്ന St. Peter's Church ആയി രുന്നു കയ്യാപ്പാവിന്റെ ആസ്ഥാനമ ന്ദിരം. അറുക്കപ്പെടാൻ കൊണ്ടുവ ന്നു നിർത്തിയിരിയ്ക്കുന്ന കുഞ്ഞാ ടിനെപ്പോലെ ദുഃഖാർത്തനായി തല താഴ്ത്തി നിൽക്കുന്ന തന്റെ അരുമനാഥനെ ആവർത്തിച്ചുത ള്ളിപ്പറയുന്ന പത്രോസിനെയും തന്റെ ശിഷ്യനെ ദയനീയമായി തിരിഞ്ഞുനോക്കുന്ന യേശുവി നെയും ആ മുറ്റത്തെത്തുമ്പോൾ നൊമ്പരത്തോടെ നാം ഓർത്തു പോകും. ഈ വശത്തുനിന്നുമുള്ള 8 ആർച്ചുബീമുകളിലാണ് പള്ളി യുടെ മേൽത്തട്ട് ഉറപ്പിച്ചിരിയ്ക്കു ന്നത്. ബൈബിൾ സംഭവങ്ങളുടെ പല സ്മൃതി ഭാവങ്ങളും വർണ്ണ ചിത്രങ്ങളാൽ കമനീയമായി ഒരു ക്കിയിരിയ്ക്കുന്ന പള്ളി അസം ഷൻകാരുടെ കൈവശത്തിലാണ്.

അന്റോണിയോ കോട്ടയ്ക്കു ള്ളിലെ മാർക്ക് ആന്റണിയുടെ പേരിലുള്ള കൊട്ടാരസമുച്ചയത്തി ലായിരുന്നു പീലാത്തോസിന്റെ അ രമന. കയ്യാപ്പാവിന്റെ ആസ്ഥാന ത്തുനിന്ന് യേശുവിനെകൊണ്ടു പോയത് അവിടേയ്ക്കായിരുന്നു. മരണശിക്ഷയ്ക്ക് വിധിയ്ക്കപ്പെ ടാൻ തക്ക കുറ്റമൊന്നും യേശു വിൽ കണ്ടില്ലെങ്കിലും യഹൂദരെ തൃപ്തിപ്പെടുത്താൻ പീലാത്തോസ് പുറത്തുവന്ന് 'ഗബ്ബഥ' എന്ന് എബ്രായ ഭാഷയിൽ അറിയപ്പെ ടുന്ന ന്യായാസനത്തിൽ ഇരുന്നു കൊണ്ട് യേശുവിനെമരണത്തിന് ഏൽപ്പിച്ചുകൊടുത്തു. 'ഇതാ ആ മനുഷ്യൻ' എന്ന പീലാത്തോ സിന്റെ വിധിവാചകവും 'അവനെ ക്രൂശിയ്ക്ക'യെന്ന യഹൂദരുടെ അ ട്ടഹാസധ്വനികളും ആ കൊട്ടാര മുറ്റത്ത് ഇപ്പോഴും അലയടിയ്ക്കു ന്നതായി തോന്നിപ്പോകും. കൊ ട്ടാരത്തിന്റെ ഒരു ഭാഗത്ത് 'അൽ- അ-മരിയ' എന്ന മുസ്ലീം പാഠശാ ലയും മറ്റൊരു ഭാഗത്ത് സീയോൻ സിസ്റ്റേഴ്സിന്റെ കന്യാസ്ത്രി മഠവു മാണ്.

□

**വേദചിന്ത**

# വിളക്ക്

**ജോയി മേങ്കോട്ടിൽ**

"നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്കു കത്തിച്ച് പറയിൻ കീഴല്ല തണ്ടിന്മേലത്രേ വയ്ക്കുന്നത്." (വി: മത്തായി 5 :14, 15)

"ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു" എന്ന് ക്രിസ്തു സ്വയം വെളിപ്പെടുത്തുമ്പോൾ തന്നെ നാമോരോരുത്തരും വിളക്കുകളായി മാറണമെന്നുകൂടി നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. നമുക്കായി എരിഞ്ഞു കത്തിയ വിളക്കായിരുന്നു ക്രിസ്തു.! അവൻ നമ്മെ വിളിക്കുന്നത് അവനെഅനുഗമിക്കാനാണ്. എന്നു വെച്ചാൽ നമ്മുടെ കൊച്ചുജീവിതത്തിന്റെ പരിസരങ്ങളിലെങ്കിലും അവന്റെ വെളിച്ചമായി മാറാനുള്ള വിളി തന്നെ. ക്രിസ്തുവിനു പകരമായി വായിക്കപ്പെടുന്ന സുവിശേഷങ്ങളായി നമ്മളും രൂപാന്തരപ്പെടുക എന്നു തന്നെ!. യേശുവിന്റെ കാലത്തെ പാലസ്തീനിയൻ ഭവനങ്ങളിലുപയോഗിക്കുന്ന എണ്ണവിളക്കുകളെത്തന്നെയാണിവിടെ സൂചിപ്പിക്കുക. ഭവനം പ്രകാശപൂരിതമാകാൻ ഒറ്റത്തണ്ടിൽ കൊളുത്തിവച്ച് ഒലിവെണ്ണ പകർന്ന് കത്തുന്ന തിരിവിളക്കുകൾ. തിരിയെരിഞ്ഞു തീരുന്നതും എണ്ണ വറ്റിപ്പോകുന്നതും ഓർത്ത് ആകുലതകളില്ലാതെ കത്തിക്കൊണ്ടിരിക്കുന്ന എണ്ണവിളക്കുകൾ. ഈ കൊച്ചു ജീവിതം കൊണ്ട് ഇങ്ങനെകത്തിത്തീരുന്ന എത്രയെത്ര വിളക്കുകളാണ് നമുക്കു ചുറ്റിലും. കലഹക്കാരനായ ഭർത്താവിനുവേണ്ടി കത്തിയെരിയുന്ന നെയ്ത്തിരിയാകുന്നൊരു ഭാര്യ, മക്കൾക്കുവേണ്ടി വറ്റിത്തീരുന്ന എണ്ണയായ് മാറുന്നൊരമ്മ.... ഇതൊക്കെ ജീവിതത്തിലെ സുകൃതങ്ങളുടെ വിളിക്കായി നാം കരുതിവയ്ക്കണം.

ഡൊമനിക്ക് ലാപ്പിയറെന്ന എഴുത്തുകാരന്റെ "സിറ്റി ഓഫ് ജോയ്" എന്നൊരു നോവലുണ്ട്. അതിലെ ഒരു കഥാപാത്രമാണ് ഹസ്സാരിപാൽ. റിക്ഷാക്കാരനാണ് അയാൾ. ഒരിക്കൽ ഒരു യാത്രക്കാരനു മായിപ്പോകവേ ഹസ്സാരിപാൽ ചുമച്ചുതുപ്പിയത് ചോരയായിരുന്നു. യാത്രക്കാരൻ അയാളോടു കയർത്തു. "ഹേ മനുഷ്യാ, നിങ്ങൾ ഏതെങ്കിലും ആശുപത്രിയിൽ പോയി കിടക്ക്." ഹസ്സാരിപാൽ നിസ്സംഗനായി പറഞ്ഞു. "എനിക്കറിയാം ആശുപത്രിയിൽ കിടക്കേണ്ടതാണെന്നൊക്കെ. പക്ഷേ സാറെ, എന്റെ മകൾക്ക് സ്ത്രീധനം കൊടുക്കാൻ ഒരഞ്ഞൂറ് രൂപ കൂടി വേണം. അതുകൂടി ഉണ്ടാക്കിയിട്ടേ എനിക്ക് ചികിത്സയുള്ളൂ." യാത്രക്കാരൻ അയാളെ ക്ഷണിച്ചു. "നിങ്ങളന്റെ കൂടെ വരൂ. അതിനുള്ള വകുപ്പ് എന്റെ കയ്യിലുണ്ട്." അവരിരുവരും ചില ഓഫീസുകളൊക്കെ കയറിയിറങ്ങി. ചില കടലാസുകളിലൊക്കെ വിരലടയാളം ചാർത്തിക്കൊടുത്തപ്പോൾ അയാൾക്കാവശ്യമായ പണം കിട്ടി. മകളുടെ കല്യാണം നടന്നു. മകളും ഭർത്താവും കൂടി പടികളിറങ്ങി. അല്പം കഴിഞ്ഞപ്പോൾ ഹസ്സാരിപാൽ ചുമച്ചുചുമച്ചു ചോര ഛർദ്ദിച്ച് പിടഞ്ഞു വീണു മരിച്ചു. അധികസമയമൊന്നുമെടുത്തില്ല ഹസ്സാരിപാലിന്റെ വീട്ടുപടിക്കൽ ഒരു വാഹനം വന്നുനിന്നു. കുറച്ചുപേർ ഇറങ്ങിവന്ന് അയാളുടെ വിരലടയാളം പതിച്ച കടലാസുകൾ ശേഷിച്ച ബന്ധുക്കളെ കാണിച്ച് ശവശരീരവുമായി മടങ്ങിപ്പോയി ഹസ്സാരിപാൽ തന്റെ മൃതശരീരം ഒരു മെഡിക്കൽ കോളേജിന് വിറ്റാണ് മകൾക്കുള്ള സ്ത്രീധനത്തുക കണ്ടെത്തിയത്. എങ്ങനെയാണ് ഒരച്ഛന് തന്റെ മകൾക്കു വേണ്ടി ഇതുനപ്പുറമൊരു വിളക്കായി മാറാൻ കഴിയുക? ഇത് നമ്മെ പൊള്ളിക്കുന്ന ഒരു ചോദ്യമാണ്. അതോടൊപ്പം നാം നമുക്കു ചുറ്റുമുള്ളവർക്കായി തെളിച്ചുകൊടുക്കുന്ന വിളക്കുകളെ ഓർത്തുകൂടി ആകുലരാകണം. നാം വിളക്കുകൾ കൊളുത്തുന്നുണ്ട്, തീർച്ചയായും. എങ്കിലുമതിന്റെ വെട്ടം നമ്മുടെ സ്വാർത്ഥതയുടെ, ഇഷ്ടങ്ങളുടെ ഒരിക്കലും പധിയടങ്ങാത്ത ആവശ്യബോധങ്ങളുടെ ഇറ്റുവട്ടത്തിലൊക്കെയേ പകരുന്നുള്ളൂ. ഇനിയൊരു സാദ്ധ്യത ക്രിസ്തു വെളിപ്പെടുത്തുന്നുണ്ട്. വിളക്കു കത്തിച്ച് പറയിൻ കീഴല്ല വയ്ക്കേണ്ടത് എന്നവൻ മുന്നറിയിപ്പ് തരുന്നത് അതുകൊണ്ടാണ്. കാർഷിക സംസ്കൃതിയിലെ അളവുപാത്രമാണ് പറ. അളന്നെടുക്കാനും, വിൽക്കാനുമൊക്കെയാണ് പറ ഉപയോഗിക്കുക. എന്തും അളന്നുമാത്രമെടുക്കുന്ന (മനുഷ്യനേയും മനുഷ്യത്വത്തെയും പോലും) ഈ കാലത്തിന്റെ നേർക്കാഴ്ചകളിൽ നമ്മുടെ വിളക്കും ഏതു പറയുടെ അടിയിലിരുന്നാണ് കരിന്തിരി കത്തുന്നതെന്ന് നാം ധ്യാനിക്കണം. നമ്മുടെ സുകൃതജപങ്ങളിൽ എവിടെയൊക്കെ ഹസ്സാരിപാലിനെപ്പോലുള്ളവരുടെ കണ്ണീർ തളം കെട്ടിക്കിടക്കുന്നുണ്ടാകുമോ!. നമ്മുടെ അളവു പാത്രത്തിന്റെ അടിത്തട്ടിൽപ്പോലും ഇടമില്ലാതെ പോയതിന്റെ പേരിൽ നൽകാതെപോയ ഒരു പുഞ്ചിരിയിൽ .... ഒരു നോട്ടത്തിന്റെ ആർദ്രതയിൽ.... ഒരു വാക്കിന്റെ സാന്ത്വനത്തിന്...... എവിടെയൊക്കെയാണ് ദൈവമേ നമ്മുടെ വിളക്കുകൾ കരിന്തിരി കത്തുന്നത്! ഈ വിളക്ക് ഏതു പറയുടെ കീഴിലാണ് കത്തുന്നത്. നമുക്ക് ധ്യാനിക്കാം...!

RNI No. KERMAL/2012/46014 Date of Publication 15-11-2017 Licence No. KL/CR/ALU/WPP-04/2016-18
Registered. Reg. No. KL/ALY/0067/2016-2018 Price Rs. 10/- Licensed to Post Without Pre-payment

KANDANAD DIOCESAN BULLETIN

## വാർഷിക സമ്മേളനം

സ്വാശ്രയ ട്രെയിനിംഗ് & റീഹാബിലിറ്റേഷൻ സെന്ററിന്റെ സുഹൃത്തുക്കളായ 'Frends of Swasraya' യുടെ വാർഷിക സമ്മേളനം സ്വാശ്രയ ഓഡിറ്റോറിയത്തിൽ 2017 നവംബർ 12-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് നടക്കുന്നതാണ്. സ്വാശ്രയ ട്രസ്റ്റ് പ്രസിഡന്റ് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. കോലഞ്ചേരി മെഡിക്കൽ കോളേജ് ന്യൂറോളജി വിഭാഗം തലവൻ ഡോ. സോജൻ ഐപ്പ് മുഖ്യ അതിഥിയായിരിക്കും. ട്രസ്റ്റ് വൈസ് പ്രസിഡന്റ് ഫാ. മേരിദാസ് സ്റ്റീഫൻ സ്വാഗതവും സെക്രട്ടറി റെജി എബ്രഹാം നന്ദിയും പ്രകാശിപ്പിക്കും. സ്വാശ്രയ അന്തേവാസികളുടെ വിവിധ കലാപരിപാടികൾ അവതരിപ്പിക്കപ്പെടും. സ്നേഹവിരുന്നോടെ ചടങ്ങുകൾ സമാപിക്കും.

## കൂദാശ ചെയ്തു

നട്ടെല്ലിന് ക്ഷതം സംഭവിച്ചവർക്കുവേണ്ടി വെട്ടിയ്ക്കലിൽ പ്രവർത്തിച്ചുവരുന്ന സ്വാശ്രയ ട്രെയിനിംഗ് & റീഹാബിലിറ്റേഷൻ സെന്ററിനോടനുബന്ധിച്ച് മുത്തൂറ്റ് ഫിൻകോർപിന്റെ ധനസഹായത്തോടെ പണികഴിപ്പിച്ചിരിക്കുന്ന ആഷിയാന റീഹാബ് സെന്ററിന്റെയും ജാനമ്മ ബ്ലോക്കിന്റെയും കൂദാശാകർമ്മം ഒക്ടോബർ 27-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 ന് ട്രസ്റ്റ് പ്രസിഡന്റ് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിലും ഫാ. മേരിദാസ് സ്റ്റീഫൻ, ഫാ. ഷിബു കുര്യൻ എന്നിവരുടെ സഹകാർമ്മികത്വത്തിലും നടന്നു. ചടങ്ങിൽ തോമസ് മുത്തൂറ്റ്, തോമസ് ജോർജ് മുത്തൂറ്റ് എന്നിവരും അവരുടെ കുടുംബാംഗങ്ങൾ, സ്വാശ്രയ ട്രസ്റ്റ് ഡയറക്ടർ ബോർഡ് അംഗങ്ങൾ, സെക്രട്ടറി റെജി എബ്രഹാം, സ്വാശ്രയ അന്തേവാസികൾ, ജീവനക്കാർ, സമീപവാസികൾ എന്നിവരും പങ്കെടുത്തു.

## നിയമിച്ചു

വെട്ടിയ്ക്കൽ സ്വാശ്രയ ട്രെയിനിംഗ് & റീഹാബിലിറ്റേഷൻ സെന്ററിനോടനുബന്ധിച്ച് പുതുതായി പ്രവർത്തനം ആരംഭിച്ചിരിക്കുന്ന ആഷിയാന റീഹാബ് സെന്ററിലെ പ്രഥമ ഡോക്ടർ ആയി മിറ്റു എസ്. ശങ്കർ എം.ഡി. നിയമിതയായി.

## പ്രതികരണം

Rev. Chief Editor,

2017 സെപ്റ്റംബർ 15-ലെ ഡയോസിസൻ ബുള്ളറ്റിനിൽ വന്ന അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ 'ജൂബിലി അർത്ഥവത്താക്കുക' എന്ന കത്ത് അത്യന്തം ശ്രദ്ധേയവും അഭിനന്ദനാർഹവുമാണ്.

ഭാഗ്യസ്മരണീയനായ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി പാർശ്വവത്ക്കരിക്കപ്പെട്ടവരായ ദളിതരുടെ നന്മയ്ക്കായി നട്ടുവളർത്തി പരിപാലിച്ചിരുന്ന സ്ലീബാദാസ സമൂഹത്തിന്റെ വളർച്ചയ്ക്കും ക്ഷേമത്തിനുമായി അദ്ദേഹത്തിന്റെ കാലശേഷം നമ്മുടെ സഭ കാര്യമായി ഒന്നും തന്നെ ചെയ്തിരുന്നില്ല. ആദിമസഭകൾക്കൊപ്പം ഇന്ത്യയിലും സ്ഥാപിതമായെന്ന് അഭിമാനിക്കുന്ന നമ്മുടെ സഭ ഇപ്പോഴും കേരളത്തിന്റെ അതിർത്തിക്കുള്ളിൽ മാത്രം ഒതുങ്ങിക്കൂടിയതിൽ അതിശയം തോന്നേണ്ടതില്ല. ആചാരാനുഷ്ഠാനങ്ങളിലും പാരമ്പര്യ മഹിമയിലും സത്യവിശ്വാസത്തിലും അഭിമാനം പൂണ്ട് സംതൃപ്തരായി കൂടുന്ന നമ്മൾ പ്രായോഗിക ക്രിസ്തീയധർമ്മത്തിലും പ്രേഷിത പ്രവർത്തനത്തിലും തുലോം പിന്നിലാണ്. പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമാണെന്ന് വേദം നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ.

മെത്രാപ്പോലീത്തായുടെ കത്ത് നൽകുന്ന പുരോഗനാത്മകമായ നിർദ്ദേശങ്ങൾക്കും കർമ്മപദ്ധതികൾക്കും സഭാഭരണകൂടം വേണ്ടതായ പരിഗണന നൽകി സ്ലീബാദാസ സമൂഹത്തെ പൊതുധാരയിൽ എത്തിക്കാൻ ശ്രമിച്ചാൽ സ്ഥാപകതിരുമേനിയുടെ ജൂബിലിയാഘോഷം സാർത്ഥകമാകും.

ആശംസകളോടെ,

പി.എം. പീറ്റർ മട്ടയ്ക്കൽ
പാലാരിവട്ടം

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha